mI.ഇ.ബി. XII-കേരള നിയമസഭ/VII-2

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഫെബ്രുവരി 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിര പ്രമേയം

#### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: അരിയുടേയും മറ്റ് നിത്യോപയോഗസാധനങ്ങളുടേയും വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായ സാഹചര്യത്തിൽ അതിനെ ഫലപ്രദമായി നേരിടുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.എം. മാണി, കെ.സി.ജോസഫ്, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിൽ അരിയുടേയും നിത്യോപയോഗ

സാധനങ്ങളുടേയും വിലയിൽ ചെറിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 3 രൂപയ്ക്ക് 25 കിലോ അരി കൊടുത്തുകൊണ്ടിരുന്നു എന്നാണ് അടിയന്തിര പ്രമേയത്തിൽ പരാമർശിച്ചിരിക്കുന്നത്. അത് ഇപ്പോഴും 25 ലക്ഷം കുടുംബങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ആന്ധ്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ 2 രൂപയ്ക്ക് അരി കൊടുക്കുന്നു എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ഒരു നല്ല കാര്യമാണ്. പത്ര വാർത്തകൾ അനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ ഭക്ഷ്യശേഖരം തന്നെ അപകടത്തിലാണ്. കേന്ദ്രം കേരളത്തിന് 93,000 മെട്രിക്ടൺ അരി വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കണമെന്ന ആവശ്യവുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളത്തെ പ്രതിനിധീകരിക്കുന്ന എം.പി.മാരും പ്രധാനമന്ത്രിയേയും ബന്ധപ്പെട്ടവരേയും കണ്ടുവെങ്കിലും ഉത്സവകാലത്തിനെന്നു പറഞ്ഞ് 20,000 മെട്രിക് ടൺ അരി അനുവദിച്ചതൊഴിച്ചാൽ വേറെ കാര്യമായി ഒന്നും കിട്ടിയിട്ടില്ല. ഗണ്യമായ അളവിൽ അരി കേരളത്തിന് കിട്ടേണ്ടതുണ്ട്. അതിന് പ്രതിപക്ഷത്തിന്റെ സഹായവും വേണം. വിലക്കയറ്റത്തെ രാഷ്ട്രീയവൽക്കരിക്കുന്നത് നിർഭാഗ്യകരമാണ്. വിലക്കയറ്റത്തിന്റെ ദുരന്തഫലങ്ങൾ ഇന്ത്യ ആകെ അനുഭവിക്കുകയാണ്. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തോട് കേന്ദ്രം ജീവകാരുണ്യപരമായ സമീപനം സ്വീകരിക്കേണ്ടതാണ്. കേന്ദ്രത്തിന്റെ സഹായമില്ലാതെ കേരളത്തിലെ അരിക്കമ്പോളത്തെ നിയന്ത്രിക്കാൻ സാധിക്കുകയില്ല. കേരളത്തിലേയ്ക്ക് ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽ

നിന്നുമുള്ള അരിവരവ് ബാൻ ചെയ്തിരിക്കുകയാണ്. വിലക്കയറ്റത്തെക്കുറിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നടത്തിയ പഠനറിപ്പോർട്ടിൽ കേരളം ഏഴാം സ്ഥാനത്താണ്. ഈ സാഹചര്യത്തിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയണമെങ്കിൽ ശക്തമായ നിയമ നടപടി വേണം. 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് പൂഴ്ത്തിവയ്ക്കുന്നത് നിരോധിച്ചിരുന്നു. ആ നിയമം 2002-ൽ എടുത്തുകളഞ്ഞതോടെ ഫുഡ്ഗ്രെയിൻ ഇഷ്ടംപോലെ സംഭരിക്കാനും ഗോഡൗണുകളിൽ സൂക്ഷിക്കാനുമുള്ള നടപടിക്ക് ഇപ്പോൾ ഒരു നിയന്ത്രണവുമില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്രത്തിന്റെ അനുമതിയോ ടുകൂടി ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ ആഗ്രഹിക്കുകയാണ്. അത്തരത്തിൽ നിയമനിർമ്മാണം നടത്തി പൂഴ്ത്തിവയ്പ്പ് കർശനമായി തടഞ്ഞ് കേന്ദ്രസഹായം നേടിയെടുത്ത് കേരളത്തിന് അർഹമായ ഭക്ഷ്യ ധാന്യം പുന:സ്ഥാപിക്കുന്നതിനാവശ്യമായ ഒരു പ്രമേയം പാസ്സാക്കുന്നതിനു പകരം കേരളത്തിലെ ജനങ്ങൾ ആപത്സന്ധിയിൽപ്പെട്ടപ്പോൾ രാഷ്ട്രീയ മുതലെടുപ്പ് നടത്താനാണ് പ്രതിപക്ഷം ശ്രമിച്ചത്. പൊതുകമ്പോളത്തിലെ വില നിയന്ത്രിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

ശ്രീ. കെ.എം. മാണി: നിത്യോപയോഗ സാധനങ്ങളുടെ വിലക്ക യറ്റംമൂലം കേരളത്തിലെ ജനജീവിതം ദുസ്സഹമായിരിക്കുന്നു. ഇവിടെ വിലക്ക യറ്റം ഇല്ല എന്നുപറഞ്ഞ് ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം ഇക്കാര്യത്തിൽ ആവശ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോ

ഴുള്ള വിലനിലവാരത്തോട് താരതമ്യം നടത്തുമ്പോൾ പൊതുകമ്പോളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില അറുപത് ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട്. ഇന്നത്തെ വിലക്കയറ്റം ആഗോള പ്രതിഭാസമാണെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളുടെ വിലനിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാണ്. ഭക്ഷ്യ വകുപ്പിന്റെ കെടുകാര്യസ്ഥതകൊണ്ടാണ് ഇത് സംഭവിച്ചത്. 2006-2007-ൽ കേന്ദ്രം അനുവദിച്ച ഭക്ഷ്യ അലോട്ട്മെന്റ് മുഴുവൻ എടുക്കാതെ കേരളം അത് ലാപ്സാക്കുകയാണ് ചെയ്തത്. തത്ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കഴിയാതെ പോയി. സമയത്ത് സ്റ്റോക്കുണ്ടായിരുന്നുവെങ്കിൽ വിലക്കയറ്റത്തെ പ്രതിരോധിക്കുവാൻ കഴിയുമായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ബി.പി.എൽ. വിഭാഗത്തിന് 3 രൂപ നിരക്കിൽ 25 കിലോഗ്രാം അരി വിതരണം ചെയ്തു. എ.പി.എൽ. വിഭാഗത്തിന് 35 കിലോഗ്രാം അരി വിതരണം ചെയ്തു. അത് ഈ ഗവൺമെന്റിന് റഗുലറൈസ് ചെയ്യാൻ സാധിച്ചില്ല. ശക്തമായ രീതിയിൽ കമ്പോള ഇടപെടൽ നടത്താത്തതുകൊണ്ടാണ് വില വർദ്ധനവുണ്ടായത്. ഫണ്ടിന്റെ അപര്യാപ്തതമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിച്ചില്ലെന്നാണ് ഗവണ്മെന്റ് പറയുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ക്യാബിനറ്റ്

അറിയാതെ 3 രൂപ നിരക്കിൽ അരി കൊടുത്തതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുകയും റേഷൻ കടക്കാർ ബുദ്ധിമുട്ടിലാവുകയും ചെയ്തു. എന്നാൽ ഈ ഗവൺമെന്റ് ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടി 3 രൂപ നിരക്കിൽ സ്ഥിരമായി അരി കൊടുക്കാൻ തീരുമാനമെടുത്തു. ഏഴ് തവണ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചതുകൊണ്ടാണ്. വിലക്കയറ്റം ഉണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് സത്യവിരുദ്ധമായ കാര്യങ്ങളാണ്. സംസ്ഥാനത്തെ റേഷൻ കടകളിലൂടെ 3 രൂപ നിരക്കിൽ 20 ലക്ഷം കുടുംബങ്ങൾക്ക് ഈ ഗവൺമെന്റ് അരി കൊടുക്കുന്നുണ്ട്. പുതുവർഷത്തിലും ഓണക്കാലത്തും പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യമായി 3 കിലോഗ്രാം അരി വീതം കൊടുത്തു. എല്ലാ മണ്ഡലങ്ങളിലും മാവേലി സ്റ്റോർ വഴി കിലോയ്ക്ക് 13.50 രൂപയ്ക്കും അരി നൽകുന്നുണ്ട്. അത് ഇനി കൂടുതൽ വ്യാപിപ്പിക്കും. റേഷൻ അരി ലിഫ്റ്റ് ചെയ്തില്ല എന്ന കാര്യം നിഷേധിക്കുന്നില്ല. സംസ്ഥാനത്ത് റേഷൻ അരി ലിഫ്റ്റ് ചെയ്ത് സൂക്ഷിക്കാൻ ഗവൺമെന്റിന് അധികാരമില്ല. അങ്ങനെ ചെയ്താൽ അത് കേന്ദ്ര ഗവൺമെന്റ് തിരിച്ചെടുക്കും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലക്കയറ്റത്തിന്റെ പേരിൽ 134 കോടി രൂപ കൊള്ളയടിച്ചത് സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം ഉണ്ടായി. സി.ബി.ഐ. അന്വേഷണം ഉണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കാതെ പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്യാൻ ഈ ഗവൺമെന്റിന് സാധിക്കും. പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷം രാഷ്ട്രീയ വൈരാഗ്യം

തീർക്കുന്നതിനായി വ്യക്തിഹത്യ നടത്തരുത്. വിലവർദ്ധനവ് കേരളത്തിലെ ദേശീയ പ്രശ്നമാണ്. അത് ജനങ്ങളുടെ പ്രശ്നമെന്ന നിലയിൽകണ്ടുകൊണ്ട് എല്ലാപേരും യോജിച്ച് സൃഷ്ടിപരമായി നൽകുന്ന ഏത് നിർദ്ദേശത്തേയും സ്വാഗതം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ സഭയിൽ ഹാജ രാകുകയും ചെയ്തു.)

**<u>ചെയർമാൻമാരുടെ പാനൽ.</u>**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ശ്രീ. പി.കെ. അബ്ദുറബ്ബ്, ശ്രീ. എ.എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭ യുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമ നിർദ്ദേശം ചെയ്തു.

**<u>ശ്രദ്ധക്ഷണിക്കൽ</u>.**

(1) <u>സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം</u>.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> 1966-ൽ സംസ്ഥാനത്ത് ഏർപ്പെടു ത്തിയ ഗവർണ്ണർ ഭരണത്തിന്റെ ഫലമായുണ്ടായ വിലവർദ്ധനവ് കാരണം ജന ങ്ങൾ സമരം നടത്തുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തതിന്റെ

ഫലമായിട്ടാണ് കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനത്ത് റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത്. സംസ്ഥാനത്തിനാവശ്യമായ അരിവിഹിതം തരാമെന്ന് സമ്മതിച്ച കേന്ദ്ര ഗവണ്മെന്റ് അതിൽ വെട്ടിക്കുറവ് വരുത്തുകയാണുണ്ടായത്. കേന്ദ്രഗവണ്മെന്റിൽ നിന്ന് അത് നേടിയെടുക്കുന്നതിനുപകരം കേന്ദ്രത്തിന്റെ നിലപാടിനെ സാധൂകരിക്കുകയാണ് പ്രതിപക്ഷം ഇവിടെ ചെയ്യുന്നത്. ഭക്ഷ്യോൽപ്പന്നങ്ങൾ കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ കമേഴ്സ്യൽ ആവശ്യങ്ങൾക്കായി നാണ്യവിളക്കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഫലമായി കേരളത്തിൽ അരിക്ക് ക്ഷാമമുണ്ടാകുമ്പോൾ അത് പരിഹരിക്കാൻ കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള വിഹിതം നൽകേണ്ടത് കേന്ദ്ര സർക്കാരിന്റെ ബാദ്ധ്യതയാണ്. കഴിഞ്ഞ 40 വർഷത്തിനുമുമ്പുള്ള സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ജനസംഖ്യ ഇരട്ടിക്കുകയും ഭക്ഷ്യോത്പാദനം പകുതിയായി ചുരുങ്ങുകയും ചെയ്തു. ഈ സ്ഥിതി മനസ്സിലാക്കി കേരളത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ നൽകാമെന്ന കേന്ദ്ര ഗവൺമെന്റിന്റെ വാഗ്ദാനം കൃത്യമായി പാലിക്കാത്തതുകൊണ്ടാണ് ഇവിടെ ഭക്ഷ്യക്ഷാമം രൂക്ഷമായിരിക്കുന്നത്. കേരളത്തിൽ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനുവേണ്ടി പൊതുവിപണിയിൽ ഇടപെട്ടുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 13,263-ഓളം സഹകരണ അരിച്ചന്തകൾ സംഘടിപ്പിക്കുകയും 147 കോടി രൂപയുടെ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രത്തിൽ നിന്നുള്ള അരിയുടെ വരവ് കുറഞ്ഞതുകാരണം അരിച്ചന്തകൾ തുടരാൻ കഴിഞ്ഞില്ല.. കേന്ദ്ര ഗവൺമെന്റ് ഡീസലിനും പെട്രോളിനും വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സ്വാഭാവികമായും അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുവരുന്ന നിത്യോപയോഗ സാധനങ്ങളുടെ

വിലയിൽ വർദ്ധനവുണ്ടാകും. ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്തിരുന്ന പല സംസ്ഥാനങ്ങളിലും ഇപ്പോൾ നാണ്യവിളകളായ എണ്ണക്കുരുവും പരുത്തിയും കൃഷിചെയ്യാൻ തുടങ്ങിയിരിക്കുന്നത് വൻകിട മുതലാളിമാർക്ക് കൂടുതൽ ലാഭം ഉണ്ടാക്കിക്കൊടുക്കുന്നു. ഇന്ത്യയിൽ നഗരവൽക്കരണത്തിന്റേയും മറ്റും ഫലമായി ഓരോ വർഷവും 7 ലക്ഷം ഹെക്ടർ നെൽകൃഷിയിടങ്ങൾ കുറഞ്ഞുവരികയാണ്. വിലക്കയറ്റം നേരിടുന്നതിനുള്ള ഏക പോംവഴി ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഭക്ഷ്യക്ഷാമമുണ്ടായാൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാകണം. എന്നാൽ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളൊന്നും ഗവൺമെന്റിന് കിട്ടുന്നില്ല. അവയെല്ലാം ടാറ്റ, റിലയൻസ് തുടങ്ങിയ സ്വകാര്യമുതലാളിമാരും വൻകിട കുത്തകക്കാരും സംഭരിച്ച് പൂഴ്ത്തിവയ്ക്കുകയാണ്. അതിനുള്ള സാഹചര്യം ഒരുക്കിയിരിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. പ്രസ്തുത നയമാണ് തിരുത്തേണ്ടത്. ഈ നയത്തിന്റെ ഫലമായി രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നു. ഇതിനെതിരെ ശക്തമായ പ്രക്ഷോഭണങ്ങളുണ്ടാകേണ്ടത് ആവശ്യമാണ്. കേരളത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും സർവ്വകക്ഷി നിവേദനം സമർപ്പിക്കാനും ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഈ ഗവൺമെന്റ് താല്പര്യമെടുക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിനർഹമായ റേഷൻവിഹിതം നിരന്തരം വെട്ടിക്കുറയ്ക്കുന്ന കേന്ദ്രനയത്തിന്റെ ഫലമായി കേരളത്തിലെ പൊതുക

ബോളത്തിൽ ഭക്ഷ്യധാന്യ ദൗർലഭ്യം നേരിടുകയാണ്. 2006 മേയ് മാസം മുതൽ 2007 ഏപ്രിൽമാസം വരെയുള്ള കാലയളവിൽ എ.പി.എൽ. വിഭാഗത്തിന് കേന്ദ്രത്തിൽ നിന്നും ലഭിച്ച അരിയുടെയും ഗോതമ്പിന്റേയും റേഷൻ വിഹിതത്തിൽ വമ്പിച്ച കുറവുണ്ടായി. ഈ കാലയളവിൽ ബി.പി.എൽ. വിഭാഗത്തിന് നൽകേണ്ട അരിയുടെ വിഹിതത്തിൽ ഒരു ശതമാനത്തിൽ താഴെ കുറവു വരുത്തിയപ്പോൾ ഗോതമ്പിന്റെ കാര്യത്തിൽ 21% കുറവാണ് വരുത്തിയിരിക്കുന്നത്. കൂടാതെ കേരളത്തിന്റെ വിഹിതത്തിൽ നിന്നും 2.21 ലക്ഷം പാചകവാതക സിലിണ്ടറുകളും 6676 കിലോലിറ്റർ മണ്ണെണ്ണയും വെട്ടിക്കുറച്ചു. ഇതിനെത്തുടർന്ന് അരിവില നിയന്ത്രിക്കുന്നതിനായി 48 മണിക്കൂറിനകം സപ്ലൈകോ ജില്ലാ കേന്ദ്രങ്ങളിൽ അരിക്കടകൾ ആരംഭിക്കുകയും കിലോയ്ക്ക് 13.50 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും കൃത്യമായ ഗുണനിലവാരത്തിലും തൂക്കത്തിലും നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. തീരപ്രദേശങ്ങളിലും ആദിവാസി കോളനികളിലും സഞ്ചരിക്കുന്ന അരിക്കടകൾ പ്രവർത്തനം ആരംഭിച്ചതോടൊപ്പം സപ്ലൈകോയുടെ 2400 വില്പന കേന്ദ്രങ്ങളിലും പ്രത്യേക അരി കൗണ്ടറുകൾ ആരംഭിക്കുകയും ചെയ്തു. സപ്ലൈകോ സംഭരിച്ച 2,26,095 മെട്രിക് ടൺ നെല്ല് അരിയാക്കി വിതരണം നടത്തി. ഇത്തവണ കർഷകരിൽ നിന്നും 3 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ച് അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ച ഭക്ഷ്യസാധനങ്ങളുടേയും പാചകവാതകം, മണ്ണെണ്ണ എന്നിവയുടേയും വിഹിതം പുനഃസ്ഥാപി

ക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും കേന്ദ്ര ഗവൺമെന്റിന് നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയേയും നേരിൽ കണ്ട് ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായി ഫെബ്രുവരി- മാർച്ച് മാസങ്ങളിലായി 10,000 മെട്രിക് ടൺ അരി വീതം അധികമായി അനുവദിച്ചുവെങ്കിലും എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ അരി വിതരണത്തിലുണ്ടായ കുറവ് പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിനർഹമായ അരിവിഹിതം നേടിയെടുക്കുന്നതിനായി ഭരണ-പ്രതിപക്ഷഭേദമെന്യേ ഈ സഭ ഒന്നടങ്കം കേന്ദ്രത്തോട് ആവശ്യപ്പെടുകയാണെങ്കിൽ തീർച്ചയായും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതാണ്. ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് തടയുന്നതിന് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനും സബ്സിഡി നൽകുന്നതിനും വേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 72 കോടി രൂപ ഇതുവരെ ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 50 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് വായ്പ എടുക്കേണ്ടിവന്നതുകൊണ്ടാണ് സാധനങ്ങളുടെ വില വർദ്ധിച്ചതെന്നുള്ള പ്രതിപക്ഷ നേതാവിന്റെ വാദം ശരിയല്ല. കഴിഞ്ഞ സെപ്റ്റംബർ മാസത്തിനുശേഷം ഒരു സാധനത്തിനും വില വർദ്ധിപ്പിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുറത്തുനിന്നും സാധനങ്ങൾ വാങ്ങി സ്ഥിര വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ നികത്തിക്കൊടുക്കുന്നതാണ്. ഈ വർഷം ഈ ഇനത്തിൽ 42 കോടി

രൂപയും റേഷൻ സബ്സിഡിയായി 116 കോടി രൂപയും സിവിൽ സപ്ളൈസ് കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. 2008 മാർച്ച് മാസാവസാനം വരെയുള്ള അക്കൗണ്ട് നോക്കി സിവിൽ സപ്ളൈസ് കോർപ്പറേഷന് വന്നിട്ടുള്ള നഷ്ടം പൂർണ്ണമായും നികത്തുന്നതാണ്.

(2) കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം

പ്രൊഫ: കെ.വി. തോമസ് : കൊച്ചി നഗരത്തിൽ കുന്നുകൂടുന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ബ്രഹ്മപുരം സ്കീം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടിയുണ്ടാകണം. കേരള പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട് ആധുനിക സ്ലോട്ടർ ഹൗസുകൾ നിർമ്മിച്ച് തേവര-ചേരാനെല്ലൂർ കനാലിൽ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാനും ജലനിർഗ്ഗമനം സുഗമമാക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കൊച്ചി നഗരസഭാ പരിധിക്കുള്ളിലുള്ള ചേരാനെല്ലൂർ കനാലിലെ ശുചീകരണം രണ്ട് ഘട്ടമായി നടത്തുന്നതിന് നഗരസഭ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ചെളി നീക്കം ചെയ്യുന്നതിന് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ക്ഷണിച്ച് കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതോടെ കനാൽ പൂർണ്ണമായും മാലിന്യ വിമുക്തമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി നഗരസഭയുടെ കീഴിൽ കലൂരും മട്ടാഞ്ചേരിയിലും പ്രവർത്തിച്ചുവന്നിരുന്ന രണ്ട് അറവുശാലകൾ താൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ്. കലൂർ അറവുശാലയിൽ ബയോഗ്യാസ് പ്ളാന്റിന്റേയും കംപോസ്ഡ്

യൂണിറ്റിന്റേയും നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. ലിക്വിഡ് ട്രീറ്റുമെന്റ് പ്ളാന്റിന്റെ നിർമ്മാണം മൂന്ന് ആഴ്ചകൾക്കകം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്നാണ് കൊച്ചി നഗരസഭ അറിയിച്ചിട്ടുള്ളത്. ഐ.ടി കമ്പനികളിൽനിന്നുള്ള വേസ്റ്റും ആശുപത്രികളിൽ നിന്നുള്ള ബയോ വേസ്റ്റും മാറ്റുന്നതിന് കൊച്ചി നഗരസഭാ അധികൃതരുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്

**സബ്മിഷൻ**

(1) നിലമ്പൂർ നഞ്ചൻകോട് റെയിൽവേ ലൈൻ

ശ്രീ. ആര്യാടൻ മുഹമ്മദ്: 125 കിലോമീറ്റർ ദൂരം യാത്ര ലാഭിക്കുന്നതും വയനാട് ജില്ലയെ റെയിൽവേയുമായി ബന്ധിപ്പിക്കുന്നതും വ്യവസായ, വാണിജ്യ, ടൂറിസം രംഗങ്ങളിൽ വളരെ പ്രയോജനം ചെയ്യാൻ കഴിയുന്നതുമായ നിലമ്പൂർ നഞ്ചൻകോട് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്ന സാഹചര്യത്തിൽ ഒന്നുകൂടി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിലെ റെയിൽവേ വികസനത്തിൽ വലിയ പ്രാധാന്യമുള്ള നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ കേരളം, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലെ ഐ.ടി നഗരങ്ങളെ ബന്ധിപ്പിക്കുന്നതാണ്. ആന്ധ്ര, കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് ശബരിമലയിലേയ്ക്കും ഗുരുവായൂരിലേയ്ക്കും വരുന്ന ഭക്തജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ പാതയുടെ പുതുക്കിയ

സർവ്വേ റിപ്പോർട്ട് കഴിഞ്ഞ ജനുവരിയിൽ റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. നിലമ്പൂർ നഞ്ചൻകോട് റെയിൽവേ പാതയ്ക്ക് അനുമതി നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) വർഗ്ഗീയ സംഘർഷങ്ങൾ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർകോട് ജില്ലയിൽ മത തീവ്രവാദികളുടെ അക്രമത്തിന് ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നേതൃത്വം നൽകുകയാണ്. വീടുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും വാഹനങ്ങൾക്കും നേരെ നടത്തുന്ന ഇത്തരം അക്രമങ്ങൾക്ക് നേതൃത്വം നൽകുന്നവർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് ജില്ലയിൽ സാമുദായിക സ്പർദ്ധ വളർത്താൻ ശ്രമിക്കുന്ന വ്യക്തികളേയും സംഘടനകളേയും നിരീക്ഷിക്കുന്നതിന് പോലീസ് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ട്. ഈ അക്രമസംഭവവുമായി ബന്ധപ്പെട്ട് എട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലും മറ്റ് പ്രദേശങ്ങളിലും അക്രമ സംഭവങ്ങൾ നടത്താൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ഈ മേഖലയിലെ പോലീസിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതാണ്.

(3) നിക്ഷേപകർ കബളിപ്പിക്കപ്പെട്ട സംഭവം

ശ്രീ. സി.എഫ്. തോമസ് : ചങ്ങനാശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന എംക്യൂബ് എന്ന ധനകാര്യ സ്ഥാപനം 50 കോടിയിലധികം രൂപ തട്ടിപ്പ്

നടത്തി ആയിരക്കണക്കിന് നിക്ഷേപകരെ വഞ്ചിച്ചിരിക്കുകയാണ്. സംഭവം നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നിക്ഷേപകർക്ക് പണം ലഭ്യമാക്കുന്നതിന്. കേസ്സന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): എം.ക്യൂബ് എന്ന സ്ഥാപനം ലോട്ടറി ഷെയറിംഗ്, എം.ക്യൂബ് ബുക്ക്സ്, അർത്ഥം റീഡേഴ്സ് എന്നീ പദ്ധതികളിലൂടെ വൻതോതിൽ ആദായം വാഗ്ദാനം ചെയ്ത് നിരവധി പേരിൽനിന്ന് ആറ് സെയിൽസ് മാനേജർമാരേയും മുന്നൂറിലധികം ഏജന്റുമാരേയും ഉപയോഗിച്ച് ഏകദേശം 31 കോടിയിലധികം രൂപ പിരിച്ചെടുത്ത് തട്ടിപ്പ് നടത്തിയതായി 2008 ജനുവരി 11-ാം തീയതി ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ഉടമയേയും മറ്റും പ്രതികളാക്കി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 43 ലക്ഷം രൂപ തിരികെ നൽകാതെ വെട്ടിപ്പ് നടത്തിയതായി ചില നിക്ഷേപകർ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം സ്ഥാപനത്തിന്റെ പങ്കാളികളും സെയിൽസ് മാനേജർമാരും ഉൾപ്പെടെ 11 പേർക്കെതിരെ മറ്റൊരു കേസും രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസ്സുകളുടെ അന്വേഷണ മദ്ധ്യേ സ്ഥാപനത്തിന്റെ പങ്കാളികൾ ഉൾപ്പെടെ 10 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനം

പ്രവർത്തിക്കുന്നില്ല. ഇതിലെ നിക്ഷേപകരുടെ എണ്ണത്തേയും പിരിച്ചെടുത്തിട്ടുള്ള തുകയേയും സംബന്ധിച്ച് കോട്ടയം ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

(4) ധനസഹായം ലഭ്യമാക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ.കെ. ജയചന്ദ്രൻ : ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ചെമ്മണ്ണാർ എന്ന സ്ഥലത്ത് 2006 മേയ് മാസം 12-ാം തീയതി കിണർ കുഴിക്കുന്നതിനിടയിൽ നാല് ചെറുപ്പക്കാർ ദാരുണമായി മരണപ്പെടുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 50,000 രൂപവീതം ധനസഹായം നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് പ്രത്യേക ഉത്തരവൊന്നുമില്ല എന്ന കാരണത്താൽ ഇതുവരെ സഹായധനം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിലെ ചെമ്മണ്ണാറിൽ ഒരു കിണർ വൃത്തിയാക്കുന്നതിനിടയിൽ വിഷവാതകം ശ്വസിച്ച് മരണമടഞ്ഞ നാല് ചെറുപ്പക്കാരുടെ കുടുംബങ്ങൾക്ക് ജില്ലാ കളക്ടർ 5000 രൂപ വീതം അടിയന്തിര ധനസഹായം നൽകുകയുണ്ടായി. ഇതിനുപുറമെ 8,000 രൂപവീതം അനുവദിച്ചുവെങ്കിലും ഉറപ്പുനൽകിയ 50,000 രൂപയിൽ കുറഞ്ഞ തുക കൈപ്പറ്റാൻ ആശ്രിതർ തയ്യാറായില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 50,000 രൂപ

അനുവദിച്ചുകൊണ്ട് ഉത്തരവൊന്നും ഇറങ്ങിയിട്ടില്ല. പ്രതിപക്ഷ നേതാവ് ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉടുമ്പൻചോല എം.എൽ.എ.യും ഇതു സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യം അനുഭാവപൂർവം പരിശോധിച്ചുവരികയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : 2006 മേയ് മാസം 12-ാം തീയതി ഞാൻ മുഖ്യമന്ത്രി സ്ഥാനം രാജിവച്ച ദിവസമാണ് ഈ ദുരന്തം ഉണ്ടായത്. അന്നത്തെ ഗവൺമെന്റിന്റെ നയമനുസരിച്ച് 50,000 രൂപ വീതം കൊടുക്കാമെന്നായിരുന്നു തീരുമാനം. പക്ഷേ രാജിവച്ചതിനുശേഷം അത്തരത്തിൽ ഉത്തരവിറക്കുന്നത് ശരിയല്ലായെന്നുള്ളതുകൊണ്ട് ഉത്തരവ് ഇറക്കിയില്ല. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകിയെങ്കിലും അനുഭാവപൂർവമായ മറുപടി കിട്ടാത്ത സാഹചര്യത്തിൽ ഒരു വ്യക്തിയിൽനിന്നും സംഭാവനയായി ലഭിച്ച രണ്ട് ലക്ഷം രൂപ നാല് കുടുംബങ്ങൾക്കായി നൽകുകയുണ്ടായി. എങ്കിലും ഗവൺമെന്റ് കൊടുക്കേണ്ട തുക എത്രയുംപെട്ടെന്ന് കൊടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഗുരുവായൂർ ദേവസ്വം ബോർഡ് സമർപ്പിച്ച സത്യവാങ്മൂലം

ശ്രീ. കെ.സി. വേണുഗോപാൽ: 16-ാം നൂറ്റാണ്ടിൽ പൂന്താനം ജീവിച്ചിരുന്നു എന്നതിന് രേഖാപരമായി യാതൊരു തെളിവുമില്ല എന്ന ഗുരുവായൂർ ദേവസ്വം ബോർഡ് പെരിന്തൽമണ്ണ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം ഈശ്വരവിശ്വാസികളെ സംബന്ധിച്ച് ഏറ്റവും

വേദനാജനകമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സത്യവാങ്മൂലം തിരുത്തിക്കൊടുത്തുവെങ്കിലും വായിച്ചുനോക്കാതെ ഒപ്പിട്ടതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് ദേവസ്വം ബോർഡ് ചെയർമാൻ പറയുകയുണ്ടായി. കേരളത്തിലെ ജനങ്ങൾ അങ്ങേയറ്റം ആദരിക്കുന്ന ഭക്തകവി പൂന്താനത്തെക്കുറിച്ച് ഇത്തരത്തിൽ ഒരു സത്യവാങ്മൂലം നൽകിയ ദേവസ്വം ബോർഡിനെതിരെ കർശന നടപടി സ്വീകരിക്കുകയും ദേവസ്വം ബോർഡിനെ അധികാരത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്യണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ) : ഇന്നത്തെ നിലയിൽ ഈ സംഭവത്തിൽ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന, പരമ്പരാഗതമായി നടന്നുവന്നിരുന്ന പൂന്താനം കലോൽസവം 2007 മേയ് മാസം 20, 21 തിയതികളിൽ നടത്തി പ്രശ്നങ്ങളൊന്നും ഇല്ലാതിരുന്ന സമയത്താണ് 2008 ഫെബ്രുവരി മാസം 11-ാം തീയതി രാജേഷ് എന്ന ഒരു പുതിയ വക്കീൽ കോടതിയിൽ കൗണ്ടർ ഫയൽ ചെയ്യുന്നത്. അതിലാണ് പതിനാറാം നൂറ്റാണ്ടിൽ പൂന്താനം ജീവിച്ചിരുന്നു എന്നതിന് തെളിവില്ലെന്ന പരാമർശം വന്നത്. ഈ പരാമർശം കേരളം അംഗീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ ദേവസ്വം ബോർഡ് മാനേജ്മെന്റ് കമ്മിറ്റി വിളിച്ചുകൂട്ടി ഈ പരാമർശം പിൻവലിക്കാൻ നിർദ്ദേശിക്കുകയും പരാമർശം പിൻവലിച്ചുകൊണ്ട് കോടതിയിൽ സമർപ്പിച്ച അഡീഷണൽ അഫിഡവിറ്റ് കോടതി സ്വീകരിക്കുകയും ഗവൺമെന്റുമായി ആലോചിക്കണമെന്ന് പറയുകയും ചെയ്തു. അതനുസരിച്ച് ഈ പരാമർശം പിൻവലിക്കുകയാണെന്ന് എന്റെ കൈപ്പടയിൽത്തന്നെ എഴുതിക്കൊടുക്കു

കയുമുണ്ടായി. ദേവസ്വം ബോർഡ് ചെയർമാനുമായി ചർച്ച ചെയ്ത് തയ്യാറാക്കിയ അഫിഡവിറ്റിന് വിരുദ്ധമായി മറ്റാരുമായിട്ടോ ആലോചിച്ചിട്ടാണ് ഇത്തരത്തിൽ ഒരു അഫിഡവിറ്റ് സമർപ്പിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ വക്കീലിനെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. സർക്കാർ ബോർഡുകൾ രൂപീകരിച്ച് ആളുകളെ നോമിനേറ്റ് ചെയ്തുകഴിഞ്ഞാൽ പ്രധാനപ്പെട്ട കാര്യങ്ങളിൽ സർക്കാരുമായി ആലോചിക്കേണ്ടതില്ലെന്നുള്ള സമീപനം സ്വീകരിച്ചുവരുന്നതിന്റെ ഫലമായിട്ടാണ് ഇത്തരത്തിൽ വീഴ്ച വരുന്നത്. ഭാവിയിൽ ഇത് തിരുത്താൻ ആവശ്യപ്പെടാം.

(6) <u>തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ സ്വർണ്ണക്കവർച്ച</u>

<u>ശ്രീ. കെ. ബാബു</u> : തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ സ്വർണ്ണകോലത്തിൽനിന്നും കവർന്നതായി കണ്ടെത്തിയിരിക്കുന്ന 119 പവൻ സ്വർണ്ണം കണ്ടുപിടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. കൂടാതെ മകുടത്തിലെ 62 പവൻ സ്വർണ്ണവും കളവ് പോയതായി കണക്കാക്കിയിരിക്കുകയാണ്. വ്യാജ ഉരുപ്പടികൾ പകരം വച്ചിട്ടാണ് ഇത്തരത്തിൽ കവർച്ച നടത്തുന്നത്. ഇക്കാര്യം ഒരു സ്പെഷ്യൽ ടീമിനെ കൊണ്ടോ അല്ലെങ്കിൽ സി.ബി.ഐ.യെക്കൊണ്ടോ അന്വേഷിപ്പിച്ച് കുറ്റക്കാരെ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഇതേ മാർഗ്ഗത്തിൽ കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിലും ഇത്തരം സംഭവമുണ്ടാകാൻ ഏറെ സാധ്യതയുള്ളതിനാൽ എല്ലാ ക്ഷേത്രങ്ങളിലേയും സ്വർണ്ണ ഉരുപ്പടികൾ സംബന്ധിച്ച് പ്രത്യേക കണക്കുകൾ ഉണ്ടാക്കുന്നതിനും പരിശോധന നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ കോടിയേരി ബാലകൃഷ്ണൻ): തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ സ്വർണ്ണകോല കവർച്ചയുമായി ബന്ധപ്പെട്ട് കൊച്ചി ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഹിൽ പാലസ് പോലീസ് 21-02-2008-ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കൊച്ചി രാജാക്കന്മാർ സംഭാവന നൽകിയ 500 വർഷത്തോളം പഴക്കമുണ്ടെന്നു കരുതപ്പെടുന്ന ഈ കോലവും മറ്റു വസ്തുക്കളും കല്ലറയിൽ സൂക്ഷിക്കുകയും അതിന്റെ ഒരു താക്കോൽ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ കൈവശവും രണ്ട് താക്കോലുകൾ ക്ഷേത്രസ്ഥാനീയരായ മേനോക്കിയും മൂത്തതും സൂക്ഷിച്ചു വരികയുമാണ്. രാജാവ് സംഭാവന നൽകിയെന്നു പറയപ്പെടുന്ന മകുടവും മറ്റും സ്വർണ്ണമാണെന്നതിന് ആധികാരിക രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇത് നഷ്ടപ്പെട്ട കാലയളവ് ഏതാണെന്ന് കണ്ടുപിടിക്കുന്നതിന് വിദഗ്ദ്ധരുടെ സേവനം ആവശ്യമാണ്. ആയതിനാൽ ഈ കേസ് ഒരു സ്പെഷ്യൽ പോലീസ് ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) ബഡ്ജറ്റ് റോഡ് വർക്കുകൾ

ശ്രീമതി പി. അയിഷാ പോറ്റി: കാലാകാലങ്ങളിൽ വർദ്ധിച്ചുവരുന്ന ടാറിന്റെ വില ലഭിക്കാത്ത സാഹചര്യത്തിൽ ബഡ്ജറ്റിലുള്ള സംസ്ഥാനത്തെ റോഡ് വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ടാർ വാങ്ങി സപ്ളൈ ചെയ്യുകയോ കരാറുകാർക്ക് വർദ്ധിച്ചു വരുന്ന ടാറിന്റെ വില നൽകുകയോ ചെയ്ത് പ്രസ്തുത വർക്കുകൾ സമയബന്ധിതമായി നടപ്പാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ഡിപ്പാർട്ടുമെന്റ് ടാർ വാങ്ങി സപ്ളൈ ചെയ്യാത്തതുമൂലം കരാറുകാർ റോഡ് വർക്കുകൾ ഏറ്റെടുക്കാൻ വൈമനസ്യം കാണിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 15 ലക്ഷം രൂപ വരെയുള്ള വർക്കുകൾക്ക് ഡിപ്പാർട്ടുമെന്റ് ടാർ വാങ്ങി കരാറുകാർക്ക് സപ്ളൈ ചെയ്യുകയും എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ വരുന്ന ടാറിന്റെ വില ഡിപ്പാർട്ടുമെന്റ് വഹിക്കണമെന്നും 15 ലക്ഷം രൂപയ്ക്കു മുകളിലുള്ള വർക്കുകൾക്ക് കരാറുകാർ തന്നെ ടാർ വാങ്ങി വർക്കുകൾ പൂർത്തിയാക്കണമെന്നും ടാറിന്റെ അധികവില ഡിപ്പാർട്ടുമെന്റ് നൽകണമെന്നുമാണ് നിലവിലുള്ള വ്യവസ്ഥ. വിവിധ ഗ്രേഡിലുള്ള ടാറിന്റെ വില കണക്കിലെടുത്തുകൊണ്ട് 2008-ൽ റേറ്റ് ഓഫ് ഷെഡ്യൂൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാർക്ക് സർക്കാർ ടാറിന്റെ കമ്പോളവില നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഇക്കാര്യത്തിൽ മറ്റ് വർക്കുകൾക്ക് നൽകുന്നതുപോലെ 10 ശതമാനം കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ടെണ്ടറിന്റെ അധിക നിരക്ക് എന്നിവ കരാറുകാർക്ക് നൽകാറുമില്ല. ബഡ്ജറ്റ് റോഡ് വർക്കുകൾ നല്ല നിലയ്ക്ക് നടക്കുന്നതിനായി കുടിശ്ശിക തുക കൊടുത്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(8) കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതി

ശ്രീമതി ഇ.എസ്. ബിജി മോൾ: വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ പട്ടയം ലഭിക്കാത്തവരും കൈവശാവകാശ രേഖ മാത്രം കൈവശമുള്ള വനഭൂമി കൈവശം വച്ച് കൃഷി ചെയ്യുന്നതുമായ കൃഷിക്കാരെക്കൂടി കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പട്ടയം ഇല്ലാതെ കൈവശാവകാശ രേഖ മാത്രം കൈവശം വച്ച് കൃഷി ചെയ്യുന്ന കൃഷിക്കാരെക്കൂടി പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള ഉത്തരവ് 13-02-2008-ൽ കൃഷി വകുപ്പു ഡയറക്ടർ ഇറക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം കൈവശാവകാശ രേഖ മാത്രം കൈവശമുള്ള മലയോര കർഷകർക്കുകൂടി നൽകാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതിയിൽ ഇതുവരെ 5 ലക്ഷത്തിലധികം കർഷകർ അംഗങ്ങളായിട്ടുണ്ട്. ഈ മാസം തന്നെ ഇൻഷ്വറൻസ് കമ്പനിക്കുള്ള പ്രീമിയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാർച്ച് മാസം ഈ പദ്ധതി പ്രാബല്യത്തിൽ വരും. അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം.

(9) കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി

ശ്രീ. എ.സി. മൊയ്തീൻ: വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 10 വർഷം മുമ്പ് വിഭാവന ചെയ്ത കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി ഇതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ഏപ്രിൽ മാസത്തിൽ ട്രയൽ റൺ നടത്തിയപ്പോൾ കാലപ്പഴക്കം ചെന്ന പൈപ്പുലൈനുകൾ പൊട്ടിപ്പോവുകയും മൂന്ന് കിലോമീറ്റർ ദൂരത്തിൽ പൈപ്പുകൾ മാറ്റേണ്ടതായിട്ടുണ്ടെന്നുമാണ് അറിയാൻ കഴിഞ്ഞത്. ഈ പണി അടിയന്തിരമായി പൂർത്തിയാക്കി പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിനുകൂടി വെള്ളം ലഭ്യമാകത്തക്ക വിധത്തിൽ ഭാരതപ്പുഴയിൽ ഒരു തടയണ ഉണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കടങ്ങോട്ട് ശുദ്ധജല വിതരണ പദ്ധതിയിൽ ആവശ്യമായത് വിതരണ ശൃംഖലയിലെ മൂന്ന് കിലോമീറ്ററിൽ പൈപ്പ് ഇടൽ പ്രക്രിയ ആണ്. നേരത്തേ ഇട്ടിരുന്ന എ.സി. പൈപ്പുലൈനുകൾ പൊട്ടിയതിനെത്തുടർന്ന് പുതിയ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2008 ഡിസംബർ വരെയാണ്. ഈ സമയപരിധിക്കുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) നൂറനാട് പടനിലം പബ്ളിക്ക് മാർക്കറ്റിലുണ്ടായ തീപിടിത്തം

ശ്രീ. കെ.കെ. ഷാജു: നൂറനാട് പടനിലം പബ്ളിക്ക് മാർക്കറ്റിൽ 21-2-2008-ന് രാത്രി 12 മണിക്ക് വൻ തീപിടിത്തമുണ്ടായതിനെത്തുടർന്ന് രണ്ട് പെട്ടിക്കടകൾ ഉൾപ്പെടെ 16 വ്യാപാരസ്ഥാപനങ്ങൾ കത്തി നശിച്ചതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. തീപിടുത്തത്തിൽ വ്യാപാരികൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം എത്രയും വേഗം നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ആലപ്പുഴ ജില്ലയിലെ നൂറനാട് താലൂക്കിൽപ്പെട്ട പടനിലം പബ്ളിക്ക് മാർക്കറ്റിൽ 21-02-2008-ന് രാത്രി 12 മണിക്ക് ഉണ്ടായ വൻ തീപിടിത്തത്തിൽ 16 കടകൾ കത്തി നശിച്ചു. ഇലക്ട്രിക്ക് ഷോർട്ട് സർക്ക്യൂട്ടാണ് തീപിടിത്തത്തിന് കാരണമായി പറയുന്നത്. അപകടത്തിൽ ആളപായമൊന്നുമുണ്ടായിട്ടില്ല.

നാശനഷ്ടത്തെക്കുറിച്ച് അന്വേഷിച്ച് കൂടുതൽ വിവരങ്ങൾ നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ചവർക്ക് പരമാവധി ധനസഹായം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

## ധനകാര്യം

2007-08-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റും 1983-84 മുതൽ 1985-86 വരെയും 1990-91, 1991-92, 1993-94, 1995-96 മുതൽ 2002-03 വരെയും ഉള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റുകളും മേശപ്പുറത്തു വച്ചു.

## ക്രമപ്രശ്നം

ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നതു സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: 20-02-2008-ന് ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ പല പ്രധാനപ്പെട്ട കാര്യങ്ങളും അന്നേദിവസത്തെ കേരള കൗമുദി പത്രത്തിൽ അച്ചടിച്ചു വന്നിരുന്നു. നിയമസഭാ നടപടിക്രമമനുസരിച്ച് ഗവർണ്ണറുടെ പ്രസംഗം അവസാനിച്ചതിനുശേഷമാണ് നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പി

നിയമസഭയിലെ അംഗങ്ങൾക്കുപോലും ലഭിക്കുന്നതെന്നിരിക്കെ ഇപ്രകാരം പത്രത്തിൽ അച്ചടിച്ചുവന്നിരിക്കുന്നത് തെറ്റായ കീഴ്‌വഴക്കമാണ്. മാത്രവുമല്ല, അംഗങ്ങളുടെ അവകാശത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടികൂടിയാണ്. ഇത് പത്രത്തിൽ വന്നത് മന്ത്രിമാർ അറിഞ്ഞുകൊണ്ടാണ്. ഇത് വളരെ ഗൗരവമേറിയ ഒരു വിഷയമാണ്.

ശ്രീ. കെ. എം. മാണി: ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ പല ഭാഗങ്ങളും 20-02-2008-ലെ പ്രഭാതപത്രത്തിൽ അച്ചടിച്ചു വരുകയുണ്ടായി. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം മന്ത്രിസഭ അംഗീകരിച്ച് ഗവർണ്ണർ കേരള നിയമസഭയിൽ വന്ന് പ്രസംഗിച്ച് മേശപ്പുറത്ത് വയ്ക്കുന്നതുവരെ രഹസ്യ സ്വഭാവമുള്ളതാണ്. ഗവർണ്ണർ നിയമസഭയിൽ നടത്തുന്ന പ്രസംഗം മാറ്റിവച്ച് വേറൊരു ബിൽ പരിഗണനയ്ക്കെടുത്താൽ ആ ഗവൺമെന്റ് ബിസിനസ് പോലും നിയമവിരുദ്ധമാണെന്ന് ഇൻഡ്യൻ ഭരണഘടന 176 അനുച്ഛേദം അനുസരിച്ച് സുപ്രീം കോടതി പോലും റൂൾ ചെയ്തിട്ടുണ്ട്. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നുവെന്ന് മാത്രമല്ല oath of official secrecy-യുടെ ലംഘനമാണ് സംഭവിച്ചിരിക്കുന്നത്. അതിന് മുഖ്യമന്ത്രി മുതൽ മന്ത്രിമാർ വരെ മറുപടി പറയണം. കൗൾ ആന്റ് ശക്ധറിൽ സ്പീക്കർക്ക് ഇതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം എങ്ങനെ ചോർന്നു, ആരൊക്കെയാണ് ഉത്തരവാദി എന്നതിനെപ്പറ്റി അന്വേഷിക്കണം. വളരെ ഗുരുതരമായ ഈ പ്രശ്നത്തിന് അങ്ങ് റൂളിംഗ് നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇൻഡ്യൻ ഭരണഘടന 176-ാം അനുച്ഛേദം അനുസരിച്ച് സംസ്ഥാന ഗവർണ്ണർ ഓരോ വർഷത്തേയും ആദ്യത്തെ സമ്മേളനത്തെ അഭിസംബോധന ചെയ്യും. സർക്കാർ ഓരോ വർഷവും നടത്തുന്ന കർമ്മപരിപാടികൾ അവതരിപ്പിക്കുകയാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ചെയ്തു വരുന്നത്. അതാണ് ഇത്തവണയും ഉണ്ടായത്. ഇവിടെ ഉന്നയിച്ച പ്രശ്നം നയപ്രഖ്യാപന പ്രസംഗത്തിന്റെ കോപ്പി പത്രത്തിൽ വന്നുവെന്നുള്ളതാണ്. അങ്ങനെ ഉണ്ടായിട്ടില്ല. കേരള കൗമുദി പത്രത്തിൽ വന്ന വാർത്ത ശബരിമല അതോറിറ്റി രൂപീകരിക്കും എന്നാണ്. അക്കാര്യത്തെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ടാണ് നയപ്രഖ്യാപന പ്രസംഗം തയ്യാറാക്കുന്നത്. ഒരു നല്ല പത്രപ്രവർത്തകന് ഇങ്ങനെ കിട്ടുന്ന വാർത്തകളുടെ വാലും തലയും വച്ച് ഒരു വാർത്ത ഉണ്ടാക്കാൻ സാധിക്കും. അതിൽ കവിഞ്ഞ് ഇവിടെ യാതൊരു ചോർച്ചയും ഉണ്ടായിട്ടില്ല. സുപ്രീം കോടതി റൂളിംഗ് നൽകിയിട്ടുള്ളത് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം മാറ്റിവച്ച് നിയമസഭ മറ്റൊരു നടപടിയിലേയ്ക്ക് കടന്നതിനെ സംബന്ധിച്ചാണ്. അത് ഇവിടെ യാതൊരു തരത്തിലും പ്രസക്തമല്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നുവെന്നത് വസ്തുതാപരമായി ശരിയല്ല. ഇത് സംബന്ധിച്ച് പത്രങ്ങളിൽ ചില വാർത്തകൾ വന്നിട്ടുണ്ട്. അത് സാധാരണഗതിയിൽ പത്രങ്ങൾക്കുള്ള അവകാശമാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നുവെന്ന തരത്തിൽ മുമ്പും നിയമസഭയിൽ ഇതുപോലുള്ള ചർച്ചകൾ വന്നിട്ടുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നുവെന്ന് പത്രത്തിൽ വാർത്ത വന്നപ്പോൾത്തന്നെ ഗവൺമെന്റും നിയമ വകുപ്പും ഒന്നുകൂടി ഇക്കാര്യം പരിശോധിക്കുകയുണ്ടായി. അതീവ രഹസ്യ സ്വഭാവമുള്ള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം അതിന്റേതായ പ്രാധാന്യത്തോടുകൂടിത്തന്നെയാണ് മന്ത്രിസഭ അംഗീകരിക്കുകയും പരിഭാഷപ്പെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത്. അതാണ് പരിശോധനയിൽ നിന്നും മനസ്സിലായത്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ചോർന്നുവെന്നുള്ള ആരോപണം ഗവൺമെന്റ് പൂർണ്ണമായും നിഷേധിക്കുന്നു. പത്രത്തിൽ വന്ന കാര്യങ്ങൾ വസ്തുതാപരമായി പരിശോധിക്കാൻ പ്രതിപക്ഷാംഗങ്ങൾ തയ്യാറാകണം. ഈ ആരോപണങ്ങൾക്ക് യാതൊരു കഴമ്പും ഇല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): നയപ്രഖ്യാപന പ്രസംഗത്തിലെ 19 പ്രഖ്യാപനങ്ങൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. കേരള കൗമുദി പത്രത്തിലാണ് കൂടുതലും വന്നതെങ്കിലും മറ്റു ചില പത്രങ്ങളിലും നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗങ്ങൾ വന്നിട്ടുണ്ട്. 20 പ്രഖ്യാപനങ്ങൾ പത്രത്തിൽ വന്നതിൽ ഒരെണ്ണം ശരിയല്ല എന്നുള്ളതുകൊണ്ട് ബാക്കിയൊന്നും ശരിയല്ല എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. നയപ്രഖ്യാപന പ്രസംഗം എങ്ങനെ ചോർന്നുവെന്നുള്ളത് സജീവമായ ഒരു

ചർച്ചാ വിഷയമാണ്. ഇത് സഭയോടുള്ള അവഹേളനമാണ്, അനാദരവാണ്. ഇങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ല എന്നുപറയുന്നത് തെറ്റാണ്.

**റൂളിംഗ്:**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്ന കാര്യങ്ങൾ പലതും നയപ്രഖ്യാപന പ്രസംഗത്തിന് മുമ്പുതന്നെ പത്രറിപ്പോർട്ടായി വന്നിരിക്കുന്നുവെന്നും അതിനാൽ രഹസ്യ സ്വഭാവമുള്ള ഗവർണ്ണറുടെ പ്രസംഗം ചോർന്നിരിക്കുന്നുവെന്നുമാണ് ക്രമപ്രശ്നത്തിൽക്കൂടി ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നോട്ടീസും ഗവൺമെന്റിന്റെ വിശദീകരണവും ചെയർ പരിശോധിച്ചതിൽ പത്ര റിപ്പോർട്ടിൽ വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരിക്കുന്ന കാര്യം നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾക്കൊള്ളുന്നതായി കാണുന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിലും പത്ര റിപ്പോർട്ടിലും ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുള്ള ചില സാമ്യങ്ങൾ യാദൃശ്ചികമാണെന്ന ഗവൺമെന്റിന്റെ അഭിപ്രായം കണക്കിലെടുക്കുമ്പോൾ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. എൻ. അനിരുദ്ധൻ: "2008 ഫെബ്രുവരി 20-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> ഫെബ്രുവരി 20-ാം തീയതി ആദരണീയനായ ഗവർണ്ണർ നടത്തിയ. നയപ്രഖ്യാപന പ്രസംഗം വസ്തുനിഷ്ഠ ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് കേരളം ഏത് ദിശയിലേയ്ക്ക് സഞ്ചരിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു. പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അംഗീകൃത സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആ മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസ് ഗവൺമെന്റിൽനിന്ന് കൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി സർക്കാർ ധാരാളം പണം ചെലവാക്കിയിട്ടുണ്ട്. എസ്.സി/എസ്.ടി. കമ്മീഷൻ രൂപീകരിച്ചു. ആദിവാസികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ബി.പി.എൽ. കുടുംബങ്ങളുടെ ആർ.ആർ നടപടികൾ ഉൾപ്പെടെയുള്ളവ നിറുത്തിവച്ചു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ വൈദ്യസഹായം നൽകുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയും ഗവൺമെന്റ് നടപ്പാക്കിവരുന്നുണ്ട്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ 10 വർഷംകൊണ്ട് 2000 മെഗാവാട്ട് ഇലക്ട്രിസിറ്റി അധികം ഉല്പാദിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നുണ്ട്. ഒറീസ്സയിലെപ്പോലെ കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. 'കാറ്റിൽനിന്ന് വൈദ്യതി' എന്ന പദ്ധതി അനുസരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പണി പൂർത്തീകരിച്ചു. ഈ ഗവൺമെന്റ് 5 വർഷംകൊണ്ട് സമ്പൂർണ്ണ വൈദ്യതീകരണം നടപ്പാക്കും. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും പൊതുസമീപനം സ്വീകരിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കർഷകർ എടുത്ത

വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. കാർഷിക വായ്പകൾക്ക് കുറഞ്ഞ പലിശ നിശ്ചയിച്ചു. കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചു. കൃഷിഭവനുകളുടെ നേതൃത്വത്തിൽ 1000 പച്ചക്കറിഗ്രാമങ്ങൾ സ്ഥാപിക്കുന്നതാണ്. അഗ്രി.-പോളിടെക്നിക്ക് സ്ഥാപിക്കുന്നതാണ്. ഉല്പാദനരംഗത്ത് ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക രംഗത്തെ നയസമീപനത്തിന്റെ ഫലമായി 40% ആളുകൾ ഈ രംഗത്തുനിന്ന് പിന്മാറിയിട്ടുണ്ട്.. 22 പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് ലാഭകരമായി പ്രവർത്തിക്കുന്നു. 40 ലക്ഷം ആളുകൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടി ശ്ലാഘനീയമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളെ പൊതുധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നയസമീപനം സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയും ആയിരക്കണക്കിനാളുകൾക്ക് തൊഴിലുറപ്പ് നൽകുന്ന ഐ.ടി. മേഖലയും പരിപുഷ്ടിപ്പെടുത്തി. യു.ഡി.എഫ്. സർക്കാരിന്റെ നയസമീപനങ്ങളിൽ നിന്ന് വ്യത്യസ്തമായ നയസമീപനങ്ങളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രതിസന്ധികളിൽ പതറാതെ ആരോഗ്യ കേരളത്തിന് വേണ്ടിയുള്ള ശ്രമത്തിന് തുടക്കമിട്ടു.. ജില്ലാ ആശുപത്രികളെ ഘട്ടംഘട്ടമായി ഉയർത്തി 9 ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പുതിയ ആശുപത്രികൾ ആരംഭിക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിലവിലില്ലാത്ത 31 പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചത് ശ്ലാഘനീയമാണ്. ആതുര ശുശ്രൂഷാരംഗം വ്യവ

സായവൽക്കരിക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചത്. പാവപ്പെട്ടവന് ചികിൽസ നിഷേധിക്കുന്ന രീതിയാണ് അവർ അവലംബിച്ചിരുന്നത്. 3-ാം ദേശീയ കുടുംബ ആരോഗ്യ സർവ്വേയുടെ അടിസ്ഥാനത്തിൽ 45 ശതമാനം കുട്ടികളിൽ പോഷകാഹാരക്കുറവ് കണ്ടെത്തിയിട്ടുണ്ട്. പോഷകാഹാരക്കുറവുള്ള വിവാഹിതരായ സ്ത്രീകൾ വസിക്കുന്നത് കൂടുതലും ഇന്ത്യയിലാണ്. പൊതുജനാരോഗ്യ രംഗം വിപുലപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചു. പൊതുവിതരണ സമ്പ്രദായം പുഷ്ടിപ്പെടുത്തുന്നതിന് കേന്ദ്രപൂളിൽനിന്ന് ലഭ്യമാകേണ്ട ഭക്ഷ്യധാന്യം നൽകാതെ ആ ഉറപ്പ് കേന്ദ്രം ലംഘിച്ചിരിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ സംഘങ്ങൾ നിസ്തുലമായ സേവനം നടത്തിയിട്ടുണ്ട്. ജനങ്ങളോടുള്ള പ്രതിബദ്ധത മുൻനിർത്തി വിലക്കയറ്റത്തിനെതിരായി നടപടി സ്വീകരിക്കുന്നതിന് പ്രതിപക്ഷവും സഹകരിക്കാൻ തയ്യാറാകണം. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന 9 തോട്ടം മേഖല തുറന്നു പ്രവർത്തിപ്പിച്ചു. 'സഹകരണ നിക്ഷേപം കേരളീയം' എന്ന നൂതന പദ്ധതി ആവിഷ്ക്കരിച്ചു. ഭൂമിയുടെ വിപണനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള മാഫിയ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ ഈ ഗവൺമെന്റ് ഭൂബാങ്ക് ഉണ്ടാക്കിയിട്ടുണ്ട്. ആഭ്യന്തരവകുപ്പിന് നിശ്ചയദാർഢ്യ മുള്ള പ്രവർത്തനം കാഴ്ചവയ്ക്കാനും ക്രമസമാധാന രംഗം പരിപാലിക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സം നിൽക്കുന്ന പ്രതിപക്ഷ നിലപാട് ശരിയല്ല.

ശ്രീ. കെ.സി. വേണുഗോപാൽ : നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്ന കാര്യങ്ങളെല്ലാം കഴിഞ്ഞ വർഷത്തിന്റെ ആവർത്തനമാണ്. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലെ വാഗ്ദാനങ്ങൾ നടപ്പാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര പിൻവാതിൽ നിയമനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്വാശ്രയ കോളേജുകളുടെ ഫീസ് നിയന്ത്രിക്കാൻ നടപടി ഉണ്ടായിട്ടില്ല. പ്രൊഫഷണൽ കോളേജുകളിലെ പ്രവേശന കാര്യത്തിൽ തീരുമാനമായിട്ടില്ല. കെ.ഇ.ആർ പരിഷ്ക്കരണത്തിലൂടെ വിദ്യാഭ്യാസ മേഖലയെ രാഷ്ട്രീയ വൽക്കരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്ളസ്ടു ക്ളാസിലേയ്ക്ക് പുതിയ സിലബസ് അനുസരിച്ചുള്ള പാഠ പുസ്തകങ്ങൾ ഇനിയും ലഭ്യമാക്കിയിട്ടില്ല. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് മാർക്കറ്റ് ഇന്റർവെൻഷന് 4 കോടി രൂപ മാത്രമാണ് ഈ സർക്കാർ അനുവദിച്ചത്. ഗവൺമെന്റ് ക്വാട്ടായിൽ നിന്നും ആവശ്യത്തിന് അരി കിട്ടാത്തതിനാൽ ആല പ്പുഴ ജില്ലയിൽ കിലോയ്ക്ക് 3 രൂപ നിരക്കിലുള്ള അരി വിതരണം നിലച്ചിരിക്കുകയാണ്. മാർക്കറ്റ് ഇന്റർവെൻഷനിലൂടെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ഭരണത്തിൽ മാർക്സിസ്റ്റുകാർക്കു പോലും സംരക്ഷണമില്ലാത്ത അവസ്ഥയാണുള്ളത്. പോലീസിനെ നിർവ്വീര്യ മാക്കിയിരിക്കുകയാണ്. മൂന്നാർ, ചിന്നക്കനാൽ എന്നിവിടങ്ങളിലെ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കൽ നിർത്തിവച്ചത് ഭരണകക്ഷിയിലെ പ്രമുഖ പാർട്ടികളുടെ ഇടപെടൽമൂലമാണ്. ഐ.എസ്.ആർ.ഒ., എച്ച്.എം.ടി. എന്നീ ഭൂമി

ഇടപാടുകൾക്കെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാനോ ഭൂ മാഫിയകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അമ്പലപ്പുഴ R.Block ഭൂമി കുംഭകോണം ഏറ്റവും വലിയ അഴിമതിയാണ്. അവിടെ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച ഭൂമി അവർപോലുമറിയാതെ ലേലം ചെയ്തു. ആ ഭൂമി അവർക്കുതന്നെ തിരിച്ചുനൽകി യഥാർത്ഥ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം. വ്യക്തമായ നയമോ ദിശാബോധമോ ഇല്ലാത്ത ഒരു ഗവൺമെന്റാണിത്.

<u>ശ്രീ. എം. ചന്ദ്രൻ</u> : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ രണ്ട് നയപ്രഖ്യാപന പ്രസംഗങ്ങളിലും പറഞ്ഞ കാര്യങ്ങളെല്ലാം വിജയകരമായി നടപ്പാക്കിക്കൊണ്ട് അതിന്റെ തുടർച്ചയായി വരുംകാലങ്ങളിൽ ഓരോ മേഖലയിലും നടപ്പാക്കാൻ പോകുന്ന വിവിധ പദ്ധതികളുടെ രൂപരേഖ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അടങ്ങിയിട്ടുണ്ട്. പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിലാണ് ഈ ഗവൺമെന്റ് ഭരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കർഷകരുടെ ആത്മഹത്യ നിത്യസംഭവമായിരുന്നു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടുക മാത്രമല്ല ചില സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചു. കയർ, കൈത്തറി, കശുവണ്ടി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ തകർന്നു. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള പല ക്ഷേമ പദ്ധതികളും മരവിപ്പിച്ചു. ആരോഗ്യ രംഗം സ്വകാര്യ കച്ചവടക്കാർക്ക് വിട്ടുകൊടുത്തു. സ്വാശ്രയ പ്രൊഫഷണൽ മേഖല സ്വകാര്യ മാനേജുമെന്റുകളുടെ നിയന്ത്രണത്തിലായി. എന്നാൽ ഈ

ഗവൺമെന്റ് പുതിയ നിയമംതന്നെ കൊണ്ടുവന്നു. ആരോഗ്യ രംഗം മെച്ചപ്പെടുത്താനും കാർഷിക മേഖലയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കർഷകരുടെ ആത്മഹത്യ പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ഈ ഗവൺമെന്റ് അമ്പതിനായിരം രൂപ വീതം സഹായം നൽകുകയും അഞ്ച് ലക്ഷം രൂപവരെയുള്ള അവരുടെ കടം എഴുതിത്തള്ളുകയും ചെയ്തു. ഈ ഇനത്തിൽ വയനാട് ജില്ലയിൽ മാത്രം 25 കോടി രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തു. നെല്ലിന് കിലോയ്ക്ക് 9 രൂപ വില നിശ്ചയിച്ച് സംഭരിക്കാൻ നടപടി സ്വീകരിച്ചു. ആലത്തൂരിൽ മോഡേൺ റൈസ് മിൽ സ്ഥാപിച്ചു. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന കരാറിൽ നിന്നും വ്യത്യസ്ഥമായി സംസ്ഥാനത്തിന് കൂടുതൽ നേട്ടം ഉണ്ടാക്കുന്ന കരാറാണ് ഈ ഗവൺമെന്റ് ടീകോം കമ്പനിയുമായി ചേർന്ന് ഒപ്പുവച്ചത്. ക്രൂഡ് ഓയിലിന് വില വർദ്ധിപ്പിച്ചപ്പോൾ ആഗോള തലത്തിലുണ്ടായ വില വർദ്ധനയുടെ ഭാഗമായി കേരളത്തിലും നിത്യോപയോഗസാധനങ്ങൾക്ക് വിലക്കയറ്റമുണ്ടായിയെന്ന കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. ബയോ ഡീസൽ ഉപയോഗിക്കണമെന്ന അമേരിക്കയുടെ ആഹ്വാനം ഇൻഡ്യയിൽ ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ കടുത്ത പ്രതിസന്ധിയുണ്ടാക്കുമെന്നതിൽ തർക്കമില്ല. കേരളത്തിന്റെ അരി വിഹിതം വെട്ടിക്കുറച്ചതിന്റെ ഫലമായുണ്ടായ വില വർദ്ധനവിനെതിരെ കേരളത്തിൽ ഹർത്താൽ നടത്തുന്ന പ്രതിപക്ഷത്തിന്റെ നടപടി അപഹാസ്യമാണ്. കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി

ഗവണ്മെന്റിനോടൊപ്പം നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഈ ഗവണ്മെന്റിനെതിരെ ജനങ്ങളെ അണിനിരത്താമെന്ന ഐക്യജനാധിപത്യ മുന്നണിയുടെ വ്യാമോഹം ഉപേക്ഷിച്ച് രാഷ്ട്രീയത്തിൽ സത്യസന്ധമായി പ്രവർത്തിക്കാൻ തയ്യാറാകണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപനപ്രസംഗത്തിൽ ക്രിയാത്മകമായ യാതൊരു നിർദ്ദേശവും ഉൾപ്പെടുത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. നയപ്രഖ്യാപനത്തിലൂടെ പൊള്ളയായ വാഗ്ദാനങ്ങൾ ജനങ്ങൾക്ക് നൽകുന്ന ഏർപ്പാട് നിർത്തണം. പിടിപ്പുകേട്, കെടുകാര്യസ്ഥത, ദുഷ്ചെയ്തികൾ, അഴിമതി എന്നിവയാണ് ഈ ഗവണ്മെന്റിന്റെ മുഖമുദ്ര. ജനദ്രോഹപരമായ സമീപനങ്ങളും ജനവിരുദ്ധ നടപടികളുമായി നീങ്ങുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് കേരളത്തിന്റെ വികസനത്തിനും പുരോഗതിക്കും എതിരായ നടപടികളാണ് സ്വീകരിക്കുന്നത്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം, കൊലപാതകം, കവർച്ച, ഗുണ്ടാ ആക്രമണം, രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവമൂലം ജനങ്ങളുടെ സ്വൈരജീവിതം നശിച്ചിരിക്കുകയാണ്. പോലീസിന്റെ ക്രിമിനൽ ആക്ടിവിറ്റീസ് വർദ്ധിക്കുന്നു. വ്യാജ രേഖ ചമയ്ക്കാനും വ്യാജ സംഘട്ടനങ്ങൾ നടത്താനും പോലീസ് കൂട്ടുനിൽക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. തകർന്ന റോഡുകൾ, താറുമാറായ പൊതുവിദ്യാഭ്യാസം, തകർന്നു തരിപ്പണമായ ആരോഗ്യ രംഗം എന്നിവ കേരളത്തിന്റെ വികസനത്തെ തകർക്കുന്നു. കർഷകരും പട്ടികജാതിക്കാരും ആദിവാസികളും മൽസ്യത്തൊഴിലാളികളും ഇന്ന് കഷ്ടത അനുഭവിക്കുകയാണ്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്.

ചെക്ക്പോസ്റ്റുകളിലൂടെ സ്പിരിറ്റ് കടത്ത് വ്യാപകമായി നടക്കുന്നു. ചോദ്യപേപ്പർ അച്ചടിക്കുന്നതുപോലെ രഹസ്യസ്വഭാവം ആവശ്യമുള്ള ജോലികൾ ഏറ്റെടുക്കുവാൻ പര്യാപ്തമായ ഒരു അതീവ സുരക്ഷാ അച്ചടിവിഭാഗം തുടങ്ങാൻ ആലോചിക്കുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. ബഡ്ജറ്റ്, നയപ്രഖ്യാപന പ്രസംഗം തുടങ്ങിയ ഗവണ്മെന്റ് രേഖകൾ കൂടി ഈ അച്ചടി വിഭാഗത്തെ ഏൽപ്പിക്കണം. സച്ചാർ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ അറബിഭാഷാ പഠനത്തിനും ഗവേഷണത്തിനുമായി ഒരു അന്താരാഷ്ട്ര പഠനകേന്ദ്രം തുടങ്ങുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിയാൽ സാമുദായിക സംഘർഷമുണ്ടാകുമെന്ന പരാമർശം ഖേദകരമാണ്.

ശ്രീ. കെ. രാജു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പുവേളയിൽ ഇടതുപക്ഷജനാധിപത്യ മുന്നണി നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനനുസൃതമായ നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. 20 മാസത്തെ ഗവണ്മെന്റിന്റെ പ്രവർത്തനം വിലയിരുത്തി കൂടുതൽ വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്. തിരുവനന്തപുരം വിമാനത്താവളത്തിന് പുതിയ അന്താരാഷ്ട്ര ടെർമിനൽ, ചേർത്തലയിൽ ആട്ടോകാസ്റ്റ് റെയിൽവേ ബോഗി നിർമ്മാണ ശാല, ഇൻഡ്യൻ ഇൻസ്റ്റ്റ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് സെന്റർ, കണ്ണൂരിൽ പുതിയ വിമാനത്താവളം, കൊല്ലം ജില്ലയിൽ തുറമുഖ വികസനം എന്നിവയ്ക്ക് കേന്ദ്ര ഗവണ്മെന്റിൽ നിന്ന് അനുമതി നേടിയെടുക്കാൻ സാധിച്ചത് ഈ ഗവണ്മെന്റിന്റെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആത്മഹത്യ ചെയ്ത കർഷക

രുടെ പേരിലുള്ള കടം എഴുതിത്തള്ളുകയും അവരുടെ കുടുംബത്തിന് അര ലക്ഷം രൂപ സഹായധനം നൽകുകയും ചെയ്തു. കർഷക ആത്മഹത്യാ നിരക്ക് കുറയ്ക്കാൻ സാധിച്ചു. 5 ലക്ഷം കൃഷിക്കാരെ കിസാൻശ്രീ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർത്തു. ബാക്കിയുള്ളവരെ ചേർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വർദ്ധിപ്പിച്ച വില കൊടുത്ത് നെല്ല് സംഭരിക്കാൻ തീരുമാനമെടുത്തു. പച്ചക്കറി കൃഷിയും നെൽ കൃഷിയും പോഷിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. നെൽകൃഷി പരിപോഷിപ്പിക്കാനും നെൽവയലുകളുടെ ഭൂപ്രദേശം സംരക്ഷിക്കാനും ആവശ്യമായ നിയമനിർമ്മാണം ഈ സമ്മേളനത്തിൽത്തന്നെ നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതനുസരിച്ച് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില കൂടുമെന്ന കാര്യം പ്രതിപക്ഷത്തിന് നിഷേധിക്കാനാവില്ല. കേരളത്തിൽ വിലക്കയറ്റമുണ്ടാകുന്നതിന്റെ ഉത്തരവാദിത്വം മുഴുവൻ കേന്ദ്രഗവണ്മെന്റിനാണ്. റേഷൻ കടകളിലൂടെ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തും പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തിയും സിവിൽ സപ്ളൈസ് വകുപ്പും സഹകരണ വകുപ്പും യോജിച്ച് പ്രവർത്തിച്ചും വില നിലവാരം പിടിച്ചുനിർത്താൻ ഈ ഗവണ്മെന്റ് സ്വീകരിച്ച നടപടികളെ കണ്ടില്ലെന്ന് നടിക്കരുത്. എൻ.ആർ.എച്ച്.എം.ന്റെ കോടിക്കണക്കിന് രൂപ പ്രയോജനപ്പെടുത്താൻവേണ്ടി ആരോഗ്യകേരളം പരിപാടി നടപ്പാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ കാര്യക്ഷമമായ പ്രവർത്തനം നടന്നുവരുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനവിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് ഒരു വാർഷിക വഴിപാടായിട്ടാണ് ഗവർണ്ണറെക്കൊണ്ട് ഈ പ്രസംഗം നടത്തിയിരിക്കുന്നത്. ജനോപകാരപ്രദമായ ഒരു കാര്യവും ഇതിലില്ല. ഈ വർഷം നടപ്പിലാക്കാൻ പോകുന്ന വ്യക്തമായ കാഴ്ചപ്പാടില്ലാത്ത കുറെ പദ്ധതികളെക്കുറിച്ചാണ് ഈ പ്രസംഗത്തിൽ പരാമർശിക്കുന്നത്. ഭൂമാഫിയകളെ കർശനമായി നിയന്ത്രിക്കുമെന്നുപറയുന്ന ഗവൺമെന്റ് എച്ച്.എം.ടി., ഐ.എസ്.ആർ.ഒ. ഭൂമി ഇടപാടുകളിൽ വലിയ അഴിമതി കാണിക്കുകയും അവ ന്യായീകരിക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. വികസന സങ്കൽപ്പങ്ങൾ സുതാര്യമായിരിക്കണം. അഴിമതിക്കാരെ സംരക്ഷിക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതുപോലെ കെ.ഇ.ആർ. പരിഷ്ക്കരണത്തെ രാഷ്ട്രീയവൽക്കരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ ജനങ്ങൾ ശക്തിയായി എതിർക്കും.

<u>ശ്രീ. എം.കെ. പ്രേംനാഥ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ വലിയൊരു കുതിച്ചുചാട്ടമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കാർഷിക-വ്യാവസായിക മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടാക്കുന്നതിനും ധാരാളം വിദേശ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആഗോളഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ഡീസലിനും പെട്രോളിനുമുണ്ടായ വിലവർദ്ധനവ് കേരളത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. ആത്മഹത്യചെയ്ത കർഷക കുടുംബങ്ങളെ സഹായിക്കുന്നതിനായി കാർഷിക കടം എഴുതിത്ത

ളളുന്നതിനും കാർഷിക പാക്കേജുണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുളള കർഷക പെൻഷൻ പദ്ധതി, കിസാൻ പദ്ധതി എന്നിവ സ്വാഗതാർഹമാണ്. ഐ.ടി. മേഖലയിലും ശാസ്ത്ര-സാങ്കേതിക മേഖലയിലുമെല്ലാം വളരെയധികം തൊഴിലവസരങ്ങൾ കൊണ്ടുവരുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അഭ്യസ്തവിദ്യരെ സഹായിക്കുന്നതിനായി സ്മാർട്ട് സിറ്റി, ഐ.ടി. പാർക്ക് തുടങ്ങിയ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 22 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കിക്കൊണ്ടുളള ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ നയം കേരളത്തിലെ വ്യാവസായിക രംഗത്ത് വളരെയധികം മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും മറ്റു വ്യവസായ സ്ഥാപനങ്ങളും തുറക്കുന്നതിന് നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുനിന്നും തികച്ചും വ്യത്യസ്തമായി ഭൂമാഫിയകളെ നിയന്ത്രിക്കുന്നതിനുളള നടപടികൾ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. കേരളത്തിൽ കൊണ്ടുവരാൻ പോകുന്ന പച്ചക്കറി ഗ്രാമങ്ങൾ, കന്നുകാലി വികസനത്തിനുളള പ്രോത്സാഹനം എന്നിവ കേരളത്തിലെ മുഴുവൻ ആളുകളേയും സഹായിക്കുന്നതിനുളള പ്രവർത്തനങ്ങളാണ്. സർക്കാർ ആശുപത്രികളിൽ മരുന്നുകൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിക്കുകയും 24 മണിക്കൂർ ആമ്പുലൻസ് സർവ്വീസ് ലഭ്യമാക്കുന്നതിനുളള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുളള നടപടികൾ സ്വീകരിക്കുകയും പാവപ്പെട്ടവർക്ക് സഹകരണ അരിക്കടകൾ

വഴി കുറഞ്ഞവിലയ്ക്ക് അരി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ഔദ്യോഗിക ഗസറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് പുതിയൊരു കാൽവയ്പ്പാണ്. ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനം സുതാര്യമാക്കുകയുണ്ടായി. മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഏക ജാലകത്തിലൂടെ ലഭിക്കുന്ന 'ഏതു സേവനവും ഏതു കൗണ്ടറിലും' സംവിധാനം നടപ്പിലാക്കുകയും തിരുവനന്തപുരം ആർ.ടി. ഓഫീസ് പരിഷ്ക്കരിക്കുകയും ചെയ്തു. റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചു കൊണ്ട് ജനങ്ങളെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി. കെ.എസ്.ആർ.ടി.സി. ഈ സാമ്പത്തികവർഷം 1000 പുതിയ ബസുകൾ പുറത്തിറക്കുകയും മലബാർ പ്രദേശങ്ങളിൽ കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുകയും 30 ഡിപ്പോകളിൽ ബസ് ടെർമിനലുകൾ നിർമ്മിക്കുകയും ചെയ്യുന്നതാണ്. സഹകരണ മേഖലയിൽ എ.ടി.എം. സെന്ററുകളുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന സച്ചാർ കമ്മീഷനിലെ പാവപ്പെട്ട സമുദായത്തിനുള്ള സഹായം ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതിയും ഭൂരഹിത ആദിവാസികൾക്ക് ഒരു ഹെക്ടർ ഭൂമി കൊടുക്കുക എന്ന പദ്ധതിയും വളരെ പ്രധാനമാണ്. ഭവനനിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുക എന്നുള്ള ആശയവും ശുചിത്വരംഗവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹോസ്പിറ്റൽ മാനേജുമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വാഗതാർഹമാണ്. ഹയർ സെക്കണ്ടറി തലത്തിൽ ചലച്ചിത്ര ആസ്വാദനത്തിനുവേണ്ടി പുതിയ കോഴ്സുകളുണ്ടാക്കുക, പുതിയ

വിമെൻസ് ഹോസ്റ്റലുകൾ സ്ഥാപിക്കുക തുടങ്ങിയവ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുൻഗവൺമെന്റിന്റെ കാലത്തേക്കാൾ വളരെ വ്യത്യസ്തമായ നയപ്രഖ്യാപനമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കേരളത്തിൽ സമൂലമായ മാറ്റങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റമാണ് പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട ആയുധം. കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണ- ഉദാരവൽക്കരണ നയങ്ങളുടെ ഫലമായിട്ടാണ് കാർഷികോൽപ്പാദനത്തിൽ കുറവുണ്ടായതും സംസ്ഥാനത്ത് വിലക്കയറ്റം ഉണ്ടായിട്ടുള്ളതും. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യോൽപ്പാദനത്തിനുവേണ്ടി രണ്ട് ശതമാനം തുകയാണ് ചെലവഴിക്കുന്നത്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. കേന്ദ്ര ഗവൺമെന്റ് റേഷൻ സബ്സിഡി വെട്ടിക്കുറയ്ക്കുമ്പോൾ അതിന്റെ പ്രത്യാഘാതം കേരളത്തിൽ ഉണ്ടാകും. കേരള സംസ്ഥാനത്തിന് കിട്ടേണ്ട റേഷൻ സബ്സിഡിയും ഭക്ഷ്യധാന്യ സബ്സിഡിയും കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു. ബി.പി.എൽ ക്വാട്ട വെട്ടിക്കുറച്ചു. ഈ ഗവൺമെന്റ് കർഷകരെ സംരക്ഷിക്കാൻ കടാശ്വാസ നിയമം കൊണ്ടു വന്നു.. വയനാട്ടിൽ ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് അൻപതിനായിരം രൂപവീതം ധനസഹായം കൊടുത്തു. എൽ.ഡി.എഫ് ഗവൺമെന്റിന് എല്ലാ മേഖലകളിലും മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞിരുന്ന ചില വ്യവസ്ഥകളിൽ മാറ്റം വരുത്തി. സ്മാർട്ട് സിറ്റി കരാറിൽ ഒപ്പുവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. എച്ച്.എം.ടി ഭൂമിക്ക് പട്ടയം കൊടുത്തത്. പ്രസ്തുത ഭൂമി

കൈവശം വയ്ക്കാനും വിൽക്കാനുമുള്ള അധികാരമുണ്ടെന്നും. സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥമാണെന്നുമുള്ള വ്യവസ്ഥകൾ ആ പട്ടയത്തിൽ ഉണ്ടായിരുന്നു. മെർക്കിസ്റ്റൺ ഭൂമി ഇടപാട് നടന്നതും യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് കേന്ദ്രത്തിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയം പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ഇടയാക്കി. ആരോഗ്യ രംഗത്തും വൈദ്യുതി രംഗത്തും മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പാവപ്പെട്ടവർക്ക് സൗജന്യ ചികിൽസ നൽകി. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തിന് കൂടുതൽ തുക അനുവദിച്ചു. കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങളും തേയിലത്തോട്ടങ്ങളും തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. വൈദ്യുതി മേഖലയിൽ 2000 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. കായംകുളം താപവൈദ്യുത നിലയം ആരംഭിക്കാൻ നടപടി സ്വീകരിച്ചു. സമസ്ത മേഖലകളിലും നല്ലരീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു..

ശ്രീ. കെ.കെ. ഷാജു : നന്ദി പ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിന്റെ തനിയാവർത്തനമാണ് ഈ നയപ്രഖ്യാപന പ്രസംഗം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. അഞ്ച് ലക്ഷം രൂപ വരെയുള്ള കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുമെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ കൂട്ട ആത്മഹത്യയാണ് നടക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുമെന്ന് പറഞ്ഞിട്ട് ആലപ്പുഴയിലുണ്ടായിരുന്ന സ്കൂട്ടേഴ്സ് ഫാക്ടറി സഹകരണ വകുപ്പിനെ ഏൽപ്പിച്ച് പണം കൊടുത്ത് പഠിക്കാനുള്ള

വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റി.. സംസ്ഥാനത്ത് ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളത്.

<u>ശ്രീ. പി.ടി.എ. റഹീം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുസ്ലീംങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഉതകുന്ന സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കാൻ പോകുന്നുവെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളത് എടുത്തുപറയത്തക്ക കാര്യമാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പഠിക്കുന്നതിന് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി രൂപീകരിച്ച് തെളിവെടുപ്പ് നടത്തിയത് ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ആശയുളവാക്കുന്ന ഒരു തീരുമാനമാണ്. സച്ചാർ കമ്മിഷൻ റിപ്പോർട്ട് പഠിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലുള്ള സമിതി കൊടുത്ത റിപ്പോർട്ടിൽ കേരളത്തിലെ മുസ്ളീങ്ങളുടെ സ്ഥിതി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചമാണെന്ന് പറയുന്നുണ്ട്. അതിന് പ്രധാനപ്പെട്ട കാരണം ഭൂപരിഷ്കരണ നിയമവും ജോലിയിലുള്ള സംവരണവുമാണ്. കേരളത്തിലെ മുസ്ളീങ്ങളുടെ സ്ഥിതി എതെങ്കിലും വിധത്തിൽ മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുത്തരവാദി 1957-ലെ ഇടതുപക്ഷ സർക്കാരാണ്. വഖഫ് സ്വത്തുക്കൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള പ്രത്യേക നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ പോകുകയാണ്. മുസ്ളീങ്ങളുടെ പുരോഗതിക്ക് നിദാനമായിട്ടുള്ള മലപ്പുറം ജില്ല രൂപീകരിച്ചതും കാലിക്കട്ട് സർവ്വകലാശാല സ്ഥാപിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്താണ്.

ശ്രീ.എ.എം. യൂസഫ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ 21 മാസക്കാലത്ത് കേരളത്തിൽ ചെയ്തിട്ടുള്ള ജനോപകാരപ്രദമായ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്താൻ പ്രതിപക്ഷം തയ്യാറാകണം. പട്ടികജാതി /പട്ടികവർഗ്ഗക്കാരുടെ മുഴുവൻ വൈദ്യുതി കുടിശ്ശികയും എഴുതിത്തള്ളി. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപെട്ടവർക്കും ആദിവാസികൾക്കും 95 ശതമാനം വൈദ്യുതി കണക്ഷൻ നൽകിക്കഴിഞ്ഞു. കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലാ വേതനവും വിതരണം ചെയ്തു. നിയമന നിരോധന ഉത്തരവ് റദ്ദ് ചെയ്തു. വ്യവസായ മേഖല വളരെ മെച്ചപ്പെട്ട രീതിയിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കർഷക ആത്മഹത്യ ഇല്ലാതായിരിക്കുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. എക്സൈസ് വകുപ്പ് വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകൾ മെച്ചപ്പെടുത്തി. ആഗോളവത്കരണത്തിന്റേയും കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റേയും അടിസ്ഥാനത്തിലാണ് എച്ച്.എം.ടി. തകർന്നത്. ഇപ്പോൾ വളരെ കുറച്ച് തൊഴിലാളികൾ മാത്രമേ അവിടെയുള്ളൂ. എച്ച്.എം.ടി.യുടെ കളമശ്ശേരി യൂണിറ്റ് സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് ബാധ്യതയുണ്ട്. അതിനുവേണ്ടി പ്രതിപക്ഷവും കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുവരണം.

ശ്രീ.പി.സി. ജോർജ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നില്ല. വിലക്കയറ്റത്തിനെതിരെ പ്രതിപക്ഷം സഭയ്ക്കകത്ത് സംസാരിക്കുമ്പോൾ പുറത്ത് ഡി.വൈ.എഫ്.ഐ. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ

കുറ്റംപറഞ്ഞുകൊണ്ട് രാജ്ഭവൻ മാർച്ച് നടത്തുകയാണ്. പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള ബ്രഹ്മോസ് കോർപ്പറേഷൻ കെൽടെക്ക് ഏറ്റെടുത്തതായി ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം ഈ സ്ഥാപനം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലാണോയെന്ന് ചോദിച്ചപ്പോൾ ഇതൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമോ സർക്കാർ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനമോ അല്ലെന്നാണ് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി തന്നിരിക്കുന്നത്. സാമ്രാജ്യത്വ കടന്നുകയറ്റത്തിനെതിരെയുള്ള ജനമുന്നേറ്റത്തെ മിസൈൽ ഉപയോഗിച്ച് ബോംബിട്ട് കൊല്ലാൻ ശ്രമിക്കുന്ന വിദേശ മുതലാളിത്ത രാജ്യങ്ങൾക്ക് മിസൈൽ ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു സ്ഥാപനമാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ ഉണ്ടാകാൻ പോകുന്നത്. മൂലമ്പള്ളിയിൽ 14 പാവപ്പെട്ട കുടുംബങ്ങളെ പോലീസിനെക്കൊണ്ട് ബലം പ്രയോഗിച്ച് കുടിയൊഴിപ്പിക്കുകയും സമ്മതപത്രത്തിൽ ഒപ്പ് വയ്പ്പിക്കുകയും ചെയ്തു. 'കെൽ'-ന്റെ സ്ഥലം സെന്റിന് 1793 രൂപയ്ക്ക് വിൽപ്പന നടത്തിയതും തോഷിബാ ആനന്ദിന്റെ 16.50 ഏക്കർ സ്ഥലം 6.50 കോടി രൂപയ്ക്ക് സാന്റിയാഗോ മാർട്ടിന് വിൽപ്പന നടത്തിയതും ഈ ഗവൺമെന്റിന്റെ കാലത്തു നടന്ന ഡീലിംഗ്സാണ്. 14 ജില്ലകളിൽ കൺസ്യൂമർ കോർട്ട് ആരംഭിച്ചുവെങ്കിലും യോഗ്യത ഇല്ലാത്തവരെയാണ് അവിടെ നിയമിച്ചിരിക്കുന്നത്; ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തണം.

<u>ശ്രീ. വി. ശശികുമാർ</u>: നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ട് നയപ്രഖ്യാപനങ്ങളിലൂടെ പുറത്തുവന്ന എൽ.ഡി.എഫ്.

സർക്കാരിന്റെ ബദൽ നയത്തിന്റെ തുടർച്ചയും വളർച്ചയും പ്രതിപാദിക്കുന്ന രേഖയാണ് ഈ നയപ്രഖ്യാപന പ്രസംഗം. കഴിഞ്ഞ . 21 മാസക്കാലത്തെ സമഗ്രമായ പ്രവർത്തനത്തിലൂടെ കേരളത്തെ പുനരുജ്ജീവിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ മേഖലകളിൽ ഈ സർക്കാർ സ്വീകരിച്ച ആശ്വാസ നടപടികൾ ജനജീവിതത്തെ സംതൃപ്തമായ അവസ്ഥയിലെത്തിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ ഉണ്ടായ സമാധാനാന്തരീക്ഷം ഇതിന് ഉദാഹരണമാണ്. വയനാട്ടിലും മറ്റും കർഷക ആത്മഹത്യകൾ അവസാനിച്ചിരിക്കുന്നു. . ഇന്ത്യയ്ക്കു തന്നെ മാതൃകയായി കാർഷിക മേഖലയിൽ കർഷകർക്കായി പ്രത്യേക പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. 90000-ത്തോളം വരുന്ന യുവതീയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന സ്മാർട്ട് സിറ്റി എഗ്രിമെന്റ് ഒപ്പുവച്ചതും ശിലാസ്ഥാപനം നടന്നതും ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ്. 21 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിനു സാധിച്ചു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. എച്ച്.എം.ടി. ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് പ്രതിപക്ഷം വിവാദങ്ങൾ അഴിച്ചുവിടുന്നത് കേരളത്തിന്റെ വ്യാവസായിക വികസനത്തെ തകർക്കുന്നതിനാണ്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയാരോപണങ്ങളാൽ രണ്ട് മന്ത്രിമാർക്ക് രാജിവച്ച് സ്ഥാനമൊഴിയേണ്ടിവന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷത്തെ എൽ.ഡി.എഫ്. ഭരണത്തിൻ കീഴിൽ ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ വ്യക്തമായ തെളിവുകളോടെ അഴിമതിയാരോപണം ഉന്നയിക്കാൻ

പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. കർഷക പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ എല്ലാ മേഖലയിലുമുള്ള ക്ഷേമ പദ്ധതികളുടെ കുടിശ്ശിക ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർത്തതും അവയുടെ നിരക്കുകൾ വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റാണ്. നിർമ്മാണത്തൊഴിലാളി മേഖലയിൽ ഏർപ്പെടുത്തിയ ക്ഷേമനിധിയിൽ വലിയ തോതിലുള്ള വർദ്ധനവുണ്ടാക്കിയെന്നു മാത്രമല്ല വഖഫ് ബോർഡുമായി ആലോചിച്ച് ആയിരക്കണക്കിന് വരുന്ന മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചു. സംസ്ഥാനത്തെ ഓരോ വിഭാഗത്തിനും പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്കും എല്ലാ അവശജനവിഭാഗങ്ങൾക്കും ക്ഷേമനിധി ഏർപ്പെടുത്തി അവർക്ക് ആശ്വാസം പകർന്ന സർക്കാരിനെയാണ് വിലക്കയറ്റത്തിന്റെ പേരിൽ പ്രതിക്കൂട്ടിലാക്കാൻ പ്രതിപക്ഷം ശ്രമിച്ചത്. കേന്ദ്ര സർക്കാർ പിൻതുടരുന്ന ആഗോളവൽക്കരണ നയമാണ് ഇൻഡ്യയിലാകെ വിലക്കയറ്റത്തിന് കാരണമായത് എന്ന വസ്തുത മറച്ചുവച്ചുകൊണ്ട് സംസ്ഥാനത്ത് ഇന്നനുഭവപ്പെടുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ ആവുന്നത്ര ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടികളെ പ്രതിപക്ഷം വിമർശിക്കുന്നത് പരിഹാസ്യമാണ്. രാജ്യത്തെ ജനങ്ങൾ മുഴുവൻ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തിനെതിരായി പ്രതികരിക്കുന്ന സന്ദർഭത്തിൽ അതിനെക്കുറിച്ച് ഒരക്ഷരം പോലും മിണ്ടാതെ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് പിൻവലിക്കണമെന്ന് ആവശ്യപ്പെടാതെ, കേരളത്തിൽ ഹർത്താൽ നടത്തുക വഴി പ്രതിപക്ഷം സ്വയം പരിഹാസ്യരാവുകയായിരുന്നു. സർക്കാരിനെതിരെ ന്യായമായ ആക്ഷേപങ്ങൾ ഉന്നയിക്കാൻ കഴിയാത്തതിന്റെ പേരിൽ

അടിസ്ഥാനരഹിതങ്ങളായ പ്രചരണങ്ങളാണ് പ്രതിപക്ഷം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാരിനെ അപകീർത്തിപ്പെടുത്താൻ പ്രതിപക്ഷം നടത്തുന്ന ശ്രമങ്ങൾ ജനങ്ങൾ മുഖവിലയ്ക്കെടുക്കില്ല. അഖിലേന്ത്യാ തലത്തിൽത്തന്നെ കോൺഗ്രസ് തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിനെതിരെ ശബ്ദമുയർത്താൻ ഇൻഡ്യയിലെ പണിയെടുക്കുന്ന, ലക്ഷക്കണക്കിന് വരുന്ന ജനവിഭാഗത്തിന് ഒരു ബദൽ മാർഗ്ഗം നിർദ്ദേശിക്കുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം.

<u>ശ്രീ സി. പി. മുഹമ്മദ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ 21 മാസത്തെ ദുർഭരണത്തെപ്പറ്റി ഒരു നയപ്രഖ്യാപന പ്രസംഗം നടത്തേണ്ടിവന്നതിൽ ഗവർണ്ണർക്ക് വളരെയധികം ധർമ്മ സങ്കടമുണ്ടായിക്കാണും. കേന്ദ്ര ഗവൺമെന്റിന്റെ നേട്ടങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടേതാണെന്നുള്ള അവകാശവാദം പരിഹാസ്യമാണ്. 2007-08-ലെ വാർഷിക പദ്ധതികളുടെ അടങ്കൽത്തുക 6,950 കോടി രൂപയാണ്. ഇന്ന് അസംബ്ളിയിൽ ചോദിച്ച ചോദ്യത്തിന് കിട്ടിയിരിക്കുന്ന മറുപടിപ്രകാരം മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. 50 വർഷത്തെ പഴക്കമുള്ള ഭൂ പരിഷ്ക്കരണ നിയമം കാലഹരണപ്പെട്ടുവെന്നുള്ള വ്യവസായ വകുപ്പു സെക്രട്ടറിയുടെ അഭിപ്രായം ഈ ഗവൺമെന്റിന്റെ നയമാണോയെന്ന് വ്യക്തമാക്കണം. കേരളത്തിന്റെ പ്രശ്നങ്ങളിൽമേൽ ക്രിയാത്മകമായ ഒരു സമീപനവും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. മതന്യൂനപക്ഷങ്ങളോടുള്ള സമീപനംപോലും കാപട്യമാണ്. അഴിമതി ജന്മാവകാശമാണ് എന്ന് പറയുന്ന മന്ത്രിമാരാണ് ഇവിടെയുള്ളത്.

ശ്രീ. എൻ. രാജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അദ്ധ്വാന വർഗ്ഗത്തിന്റെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിന് തുല്യപ്രധാന്യം നൽകുക, എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമപരിപാടികൾ എത്തിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുക തുടങ്ങിയ കാര്യങ്ങളാണ് കഴിഞ്ഞ 21 മാസക്കാലംകൊണ്ട് ഈ ഗവൺമെന്റ് ചെയ്തത് അടച്ചുപൂട്ടപ്പെട്ട 9 തോട്ടം മേഖലകൾ തുറക്കുകയും അവശേഷിക്കുന്നവ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ശ്രമത്തിലുമാണ്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് വർഷത്തിൽ 30,000/- രൂപവരെ പരിരക്ഷ നൽകുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഗ്രാമീണ ഭൂരഹിത കർഷകത്തൊഴിലാളികളുടെ കുട്ടികൾക്ക് ഇൻഷ്വറൻസ് -കം- സ്കോളർഷിപ്പ് പദ്ധതി നടപ്പുവർഷത്തിൽ ആരംഭിക്കാനും 1998-ൽ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുമുള്ള നടപടികൾ ശ്രദ്ധേയമാണ്. കെ.എസ്.ടി.പി. റോഡുകളുടെ പണികൾ 2 വർഷത്തിനകവും സിറ്റി വികസനവുമായി ബന്ധപ്പെട്ട പണികൾ 10 മാസത്തിനകവും പൂർത്തിയാക്കാനും നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും നടപടികൾ എടുത്തുവരികയാണ്. ആദിവാസികൾക്ക് അവകാശരേഖയും പട്ടയവും കൊടുത്തുകഴിഞ്ഞു. കാർഷിക ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുന്നവർക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതി ആരംഭിക്കുന്നുവെന്നത് സ്വാഗതാർഹമാണ്. എസ്. സി/എസ്. ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും മുഴുവൻ ആദിവാസികൾക്കും സമഗ്ര ആരോഗ്യ പദ്ധതി ആരംഭിക്കുകയും ചെയ്തതിനെ സ്വാഗതം ചെയ്യുന്നു. ഓരോ ആദിവാസി ഭൂരഹിതർക്കും കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും നൽകുന്നതിനുള്ള ശ്രമങ്ങൾ

സ്തുത്യർഹമാണ്. ആദിവാസികൾക്കുവേണ്ടി 2006-ൽ കേന്ദ്രം പാസ്സാക്കിയ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വൊല്ലേഴ്സ് (റെക്കഗ്നേഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്ട് സംസ്ഥാനത്ത് അടിയന്തിര മായി നടപ്പിലാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 10 വർഷത്തിനു ള്ളിൽ 2000 മെഗാവാട്ട് അധികം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കാനുള്ള ശ്രമങ്ങളും കർഷക കടാശ്വാസ കമ്മീ ഷൻ രൂപീകരണത്തിലൂടെ സംസ്ഥാനത്തെ കർഷക ആത്മഹത്യാ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞുവെന്നതും ശ്ലാഘനീയമാണ്. ടൂറിസം മേഖലയിൽ കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്യാനും അതുവഴി മികച്ച ലാഭം നേടാനും ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിക്കുന്നതിനനുസൃതമായി നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിക്കുന്നുവെന്ന സത്യം പ്രതിപക്ഷം വിസ്മരിച്ചിട്ട് കാര്യമില്ല.

ശ്രീ. പി. ജയരാജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തെ വികസനത്തിന്റെ പാതയിലൂടെ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നത്. കാർഷിക മേഖലയ്ക്ക് ഈ സർക്കാർ കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പരമ്പരാഗത വ്യവസായ ങ്ങൾക്കും ആധുനിക വ്യവസായങ്ങൾക്കും വിദ്യാഭ്യാസ-ആരോഗ്യ മേഖല കൾക്കും വളരെയധികം വികസനം ഉണ്ടാക്കാൻ കഴിയുന്ന മാതൃകാപരമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ 1717 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകാൻ സാധിച്ചിട്ടുണ്ട്. അനധികൃത ഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കാനും ലാന്റ് ബാങ്ക് രൂപീകരിച്ച് അർഹരായ ഭൂരഹിതർക്ക് അവ വിതരണം ചെയ്യാനുമുള്ള നിർദ്ദേശം സ്വാഗതാർഹമാണ്.

സമഗ്ര വികസനത്തിന്റെ കാര്യത്തിൽ ജനക്ഷേമ നടപടികളുമായി ഇന്ത്യയ്ക്ക് മാതൃകയായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. കഴിഞ്ഞ 21 മാസക്കാലത്തെ ഭരണത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് പാവപ്പെട്ട വർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനും കർഷകർക്ക് ആശ്വാസം നൽകാനും അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കാനും സഹായകരമായ നിയമനിർമ്മാണങ്ങൾ നടത്താൻ ഈ ഗവൺമെന്റിന് കഴി ഞ്ഞുവെന്നത് നേട്ടം തന്നെയാണ്. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ 90,000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്തെ പൊതുമേ ഖലാ സ്ഥാപനങ്ങളെ വിറ്റുതുലച്ച് കമ്മീഷൻ വാങ്ങാൻ ശ്രമിച്ചവരാണ് ഇന്ന് പ്രതിപക്ഷത്തിരുന്ന് ഈ സർക്കാരിനെ കുറ്റം പറയുന്നതെന്ന സത്യം വിസ്മ രിക്കരുത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരു വർഗ്ഗീയ കലാപവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ചങ്ങനാശ്ശേരി, പാലക്കാട്, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ ആർ.എസ്.എസ്. പ്രവർത്തകർ നിരവധിപേരെ കൊലപ്പെടുത്തി. സംഘ്പരിവാറിന്റെ നേതൃത്വത്തിൽ നടക്കുന്ന ആക്രമണങ്ങളെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ സമീപനം വ്യക്തമാക്കണം. സമൂഹത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് പ്രതിപക്ഷം തയ്യാറാകുന്നില്ല. സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനെ എല്ലാപേരും പിന്താങ്ങും.

<u>ശ്രീ. ജി. കാർത്തികേയൻ</u> : നന്ദി പ്രമേയത്തെ എതിർക്കുന്നു. ഇവിടെ നടന്ന ഭരണകക്ഷി അംഗങ്ങളുടെ പ്രസംഗത്തിൽ വേണ്ടത്ര ആർജ്ജവം കണ്ടില്ല. കേരളത്തിലെ കോൺഗ്രസ് നേതാക്കളുടെ ശ്രമഫലമായികൂടിയാണ് ബ്രഹ്മോസ് പദ്ധതി കേരളത്തിൽ വന്നത്. അത്

സംബന്ധിച്ച യാഥാർത്ഥ്യങ്ങൾ സംസ്ഥാനത്തെ ജനങ്ങൾക്കറിയാം. അക്രമങ്ങളിൽ മരണപ്പെടുന്നത് ഏത് ഭരണകാലത്തായാലും ഏത് പാർട്ടിയിൽപ്പെട്ടവരായാലും ദു:ഖമാണ്. അക്രമ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സാധിക്കാത്തത് ഈ ഗവൺമെന്റിന്റെ പോലീസ് സേനയ്ക്ക് ആർജ്ജവമായി പ്രവർത്തിക്കാൻ കഴിയാത്തതുകൊണ്ടാണ്. ഗവർണ്ണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗം ഒരു ആവർത്തനമാണ്. ഇതിനു മുമ്പ് നടത്തിയ നയപ്രഖ്യാപനങ്ങളിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പാക്കിയിട്ടില്ല; തുടങ്ങിയ നടപടികൾ പൂർത്തിയാക്കിയിട്ടില്ല; മറ്റ് പലതും തുടങ്ങിയിട്ടുമില്ല. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി മേഖലകളിലെ തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പദ്ധതികളെക്കുറിച്ചോ മൂന്നാർ ഓപ്പറേഷൻ, മെർക്കിസ്റ്റൺ എസ്റ്റേറ്റ്, ഉഴമലയ്ക്കലിലെ ഐ.എസ്.ആർ.ഒ. സ്പെയ്സ് ഇൻസ്റ്റിറ്റ്യൂട്ട്, സൈബർ സിറ്റി എന്നിവയെ സംബന്ധിച്ചോ യാതൊന്നും ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടില്ല. ബോധപൂർവ്വം ചില കാര്യങ്ങൾ ഒഴിവാക്കിയിരിക്കുകയാണ്. സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സമ്മേളനത്തിൽ ഗവൺമെന്റിനെതിരെ നടന്ന കുറ്റപത്രത്തിന്റേയും സി.പി.ഐ.യുടെ ജില്ലാ സമ്മേളനത്തിൽ സി.പി.ഐ.(എം.)-ന് എതിരെ അവതരിപ്പിച്ച പ്രമേയങ്ങളുടെയും നടുവിലാണ് ഈ ചർച്ച നടക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് നിൽക്കുന്നത്. കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ട ഒരു ഗവൺമെന്റിന് മുന്നോട്ടുനീങ്ങാൻ ബുദ്ധിമുട്ടാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഗൗരവമായി ചർച്ച ചെയ്യുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വിഹിതമായി അനുവദിച്ച 1540 കോടി രൂപയിൽ 372 കോടി രൂപയാണ്

ഡിസംബർ 31 വരെ ചെലവഴിച്ചിട്ടുള്ളത്. അത് ഗവൺമെന്റ് മോണിറ്റർ ചെയ്യണം. നഗരങ്ങളിലും ഗ്രാമങ്ങളിലും എത്തേണ്ട വികസന പ്രവർത്തനങ്ങൾ എത്തുന്നില്ല. പെർഫോമൻസ് അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് പൂർണ്ണ പരാജയമാണ്. കഴിഞ്ഞ കാലങ്ങളിൽ സിവിൽ സപ്ലൈസിൽ നടന്ന അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണത്തെ യു.ഡി.എഫ്. ഭയക്കുന്നില്ല. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പ് മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് പഞ്ചസാര മറിച്ചുവിറ്റ, സംസ്ഥാനം കണ്ട ഏറ്റവും വലിയ കുംഭകോണം നടന്നത്. അത് സംബന്ധിച്ച് അന്വേഷിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഞാൻ പറഞ്ഞത് 134 കോടി രൂപയുടെ അഴിമതിയെക്കുറിച്ചാണ്. അതിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടവും ചേർത്തിട്ടുണ്ട്.

സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.

..........................................